# കനീസിയൂസ്

## ഗുരുകാവ്യ ചരിതം

ജെ. വിതയത്തിൽ

**Canisius Gurukavyacharitham**
*(Malayalam)*

**J. Vithayathil**
9249440248

*Published by :*
Fr. Davis Panakkal CMI
The Vice - Postulator
St. Teresa’s Monastery
Kottackal, Mala P.O.,
Kottamuri, Thrissur 680 732
Ph : 0480 2890225, 9539444156

Published : January 2017

Copies : 500

₹ : 60.00

Printed at : MMB Offset Press, Thrissur
Ph : 0487 2973213



## ദൈവദാസൻ കനീസിയൂസച്ചൻ

1914 - 1998

# ദൈവദാസനായ
# കനീസിയൂസച്ചൻ

**വി**ശുദ്ധിയും വിജ്ഞാനവും സമഞ്ജസമായി സമ്മേളിച്ച ആചാര്യ ശ്രേഷ്ഠനായിരുന്നു ദൈവദാസനായ കനീസിയൂസച്ചൻ. 1914 മെയ് 12ന് തൃശ്ശൂർ ജില്ലയിൽ ആനന്ദപുരത്ത് തെക്കേക്കര പൊതപറമ്പിൽ ലോനപ്പന്റെയും ഭാര്യ മറിയത്തിന്റെയും മകനായി കനീസിയൂസച്ചൻ ജനിച്ചു. "ദൈവേഷ്ടം - അത് മുഴുവൻ - അത് മാത്രം" എന്നതായിരുന്നു മാതാപിതാക്കളുടെ ആദർശം. ഈ ജീവിതദർശനം തന്നെയായിരുന്നു കനീസിയൂസച്ചന്റെ ആപ്തവാക്യം. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം സി.എം.ഐ സഭയിൽ 1935 നവംബർ 24-ാം തിയ്യതി ആദ്യവ്രതം അനുഷ്ഠിച്ചു. കോട്ടയ്ക്കൽ (അമ്പഴക്കാട്) കൊവേന്തയിൽ പ്രാഥമിക സന്യാസ പരിശീലനവും പൂർത്തിയാക്കി. 1942 ഡിസംബർ 21-ാം തിയ്യതി പൗരോഹിത്യം സ്വീകരിച്ചു. ഉപരിപഠനം ശ്രീലങ്കയിലെ കാൻഡിയിലും റോമിലും നടത്തി. വിശുദ്ധഗ്രന്ഥ പഠനത്തിൽ 1952-ൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇന്ത്യയിൽ നിന്നും ആദ്യമായി ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് നേടിയ ജ്ഞാനിയാണ് ദൈവദാസനായ കനീസിയൂസച്ചൻ. ഉത്തമന്മാരായ ഗുരുക്കന്മാരുടെ ശിഷ്യത്വവും മാതൃകയും വിശുദ്ധിയിലും വിജ്ഞാനത്തിലും വിനയത്തിലും വിശ്വസ്തതയിലും അദ്ദേഹത്തെ വളർത്തി ഉയർത്തി.

സി.എം.ഐ സഭയിൽ വ്യത്യസ്ത സേവനരംഗങ്ങളിൽ ജ്വലിച്ചു നിന്നിരുന്ന സഭാശുശ്രൂഷകനായിരുന്നു ദൈവദാസനായ കനീസിയൂസച്ചൻ. സെമിനാരി പ്രൊഫസർ, റെക്ടർ, പ്രൊവിൻഷ്യൽ, വികാരി-ജനറൽ, പ്രിയോർ ജനറൽ, ആത്മീയ ഗുരുഭൂതൻ തുടങ്ങിയ ഔദ്യോഗിക ജോലികൾ ഏറ്റവും കൃത്യമായും ഉത്തരവാദിത്വത്തോടുംകൂടി നിർവ്വഹിച്ചിട്ടുണ്ട്. സഭയോടൊത്ത് ചിന്തിച്ചിരുന്ന അദ്ദേഹം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ നവീകരണത്തിനും കാലോചിതമായ കാൽവെയ്പ്പുകൾക്കും താല്പര്യം എടുത്തിരുന്നു.

സാംസ്ക്കാരിക, വിദ്യാഭ്യാസ, സാമൂഹിക സമ്പർക്ക മാധ്യമരംഗത്തും ഉണർന്നു പ്രവർത്തിക്കാനും ഉയർന്നു നയിക്കാനും മിഷൻ പ്രവർത്തനങ്ങൾ അന്വർത്ഥമാക്കാനും സഭാംഗങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവും നൽകിയിരുന്നു. അഭിഷേകവും വിശുദ്ധിയും നിറഞ്ഞ ഒരു സി.എം.ഐ സഭാശ്രേഷ്ഠൻ, വിജ്ഞാനിയായ ഗുരുഭൂതൻ, ദിവ്യകാരുണ്യഭക്തൻ, ഗ്രന്ഥകാരൻ, പ്രാർത്ഥനാരൂപിയുടെ മനുഷ്യൻ, വചനോപാസകൻ - ഇങ്ങനെ നിരവധി തലങ്ങൾ ദൈവദാസനായ കനീസിയൂസച്ചന്റെ പ്രാഭവം വിളിച്ചോതുന്നു. സംസാരത്തിലും പെരുമാറ്റത്തിലും സവിശേഷമായ സൗമ്യതയും സ്നേഹവും കരുണയും കുലീനത്വവും ശുശ്രൂഷാ മനോഭാവവും ദൈവദാസനായ കനീസിയൂസച്ചനിൽ നിറഞ്ഞു നിന്നിരുന്നു. ബലിയർപ്പണത്തിലും, കുമ്പസാരവേളയിലും, അധ്യാപനത്തിലും, പ്രാർത്ഥനാനിമിഷങ്ങളിലും, ഉല്ലാസവേളയിലും എല്ലാം ഒരു ദിവ്യാനുഭവം ആ പ്രകാശിക്കുന്ന മുഖത്ത് ദൃശ്യമായിരുന്നു.

പ്രായാധിക്യവും ആമവാതത്തിന്റെ അസുഖവും അദ്ദേഹത്തെ വല്ലാതെ വിഷമിപ്പിച്ചുവെങ്കിലും ക്ഷമയോടെ ആവലാതിയില്ലാതെ അവ സ്വീകരിച്ചു. ജീവിത സായാഹ്നത്തിലും തന്നെ എടുത്തുപയോഗിക്കുന്ന ദിവ്യനാഥന് നന്ദിചൊല്ലുന്ന കനീസിയൂസച്ചന്റെ വാക്കുകൾ ഹൃദയസ്പർശിയാണ്. "തേഞ്ഞുതീരാറായ ഈ പ്രേഷിതന്റെ ബാക്കിയും ഉപയോഗിച്ചുതീർക്കാൻ ദയവുതോന്നിയ ദിവ്യകലാകാരന് നിത്യസ്തുതി." 1998 ജനുവരി 29ന് ദൈവദാസനായ കനീസിയൂസച്ചൻ ഈശോയിൽ നിദ്രപ്രാപിച്ചു. ദൈവദാസനായ കനീസിയൂസച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ അമ്പഴക്കാട്ട് ആശ്രമ ദേവാലയത്തിൽ അടക്കംചെയ്തിരിക്കുന്നു.

## ദൈവദാസനായ കനീസിയൂസച്ചന്റെ
# ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ

| | | |
|---|---|---|
| 1914 മെയ് 12 | : | ജനനം; ആനന്ദപുരം |
| 1914 ജൂൺ 6 | : | മാമ്മോദീസ; പറപ്പൂക്കര |
| 1927 - 1928 | : | നാലര ക്ലാസ്; എൽത്തുരുത്ത് |
| 1931 - 1934 | : | യോഗാർത്ഥി, ഹൈസ്ക്കൂൾ; പാവറട്ടി |
| 1935 നവം. 24 | : | ആദ്യവ്രതം |
| 1936 - 1942 | : | സെമിനാരി പഠനം; മംഗലാപുരം |
| 1942 ഡിസം. 21 | : | പൗരോഹിത്യ സ്വീകരണം; മംഗലാപുരം |
| 1944 - 1945 | : | ഡി.ഡി.പഠനം; കാൻഡി |
| 1948 - 1952 | : | ഡി.എസ്.എസ്., ഗവേഷണപഠനം; റോം |
| 1957 - 1959 | : | സെമിനാരി പ്രഫസർ; |
| 1960 - 1966 | : | റെക്ടർ, ബാംഗ്ലൂർ |
| 1966 - 1972 | : | പ്രിയോർ ജനറാൾ, എറണാകുളം |
| 1972 - 1975 | : | പ്രൊവിൻഷ്യാൾ; തൃശൂർ |
| 1975 - 1978 | : | സുപ്പീരിയർ, ആത്മീയഗുരു; ബാംഗ്ലൂർ |
| 1978 - 1981 | : | വികാർ ജനറാൾ; എറണാകുളം |
| 1981 - 1996 | : | ആത്മീയഗുരു; പരിയാരം |
| 1996 - 1998 | : | ആശ്രമാംഗം; അമ്പഴക്കാട് |
| 1998 ജനു. 29 | : | മരണം; അമ്പഴക്കാട് |
| 2014 മാർച്ച് 29 | : | ദൈവദാസ പദവി |

# ഉള്ളടക്കം


| | | | | |
|---|---|---|---|---|
| അവതാരിക | | | | 08 |
| അനുഗ്രഹവചസ്സുകൾ | | | | 12 |
| പ്രസാധകക്കുറിപ്പ് | | | | 14 |
| മുഖമൊഴി | | | | 15 |
| ഒന്നാം സർഗ്ഗം | സ്ഥലപുരാണം | - | നതോന്നത | 17 |
| രണ്ടാം സർഗ്ഗം | ബാല്യകാലം | - | മഞ്ജരി | 18 |
| മൂന്നാം സർഗ്ഗം | ഒന്നാം ലോകമഹായുദ്ധം | - | തരംഗിണി | 20 |
| നാലാം സർഗ്ഗം | സ്കൂളിലേയ്ക്ക് | - | താരാട്ട് | 22 |
| അഞ്ചാം സർഗ്ഗം | പാവറട്ടിയിൽ | - | ഗാഥ | 25 |
| ആറാം സർഗ്ഗം | നൊവിഷ്യേറ്റിൽ | - | കേക | 26 |
| ഏഴാം സർഗ്ഗം, | മേജർ സെമിനാരിയിൽ | - | മഞ്ജരി | 28 |
| എട്ടാം സർഗ്ഗം | വൈദികൻ | - | ഗാഥ | 31 |
| ഒമ്പതാം സർഗ്ഗം | ശുശ്രൂഷാരംഭം | - | കാകളി | 33 |
| പത്താം സർഗ്ഗം | ഉന്നതപഠനം | - | കേക | 35 |
| പതിനൊന്നാം സർഗ്ഗം | ധർമ്മാരാമിൽ | - | വഞ്ചിപ്പാട്ട് | 37 |
| പന്ത്രണ്ടാം സർഗ്ഗം | സഭാധിപൻ | - | മഞ്ജരി | 40 |
| പതിമൂന്നാം സർഗ്ഗം | വിശ്രമജീവിതം | - | കേക | 44 |
| പതിനാലാം സർഗ്ഗം | രോഗശയ്യയിൽ | - | സർപ്പിണി/പാന | 47 |



# അവതാരിക

**കേ**രളീയ മഹാപുരുഷന്മാരിൽ ആരുടെയെങ്കിലും ജീവ ചരിത്രത്തെ ആസ്പദമാക്കി ഒരു മഹാകാവ്യം രചിക്കപ്പെട്ടിട്ടുള്ള തായി അറിവില്ല. അങ്ങനെയൊന്ന് എഴുതാൻ ധൈര്യപ്പെട്ട ആളെന്ന നിലയിൽ ഈ മഹാകാവ്യത്തിന്റെ കർത്താവായ ഫാ. ജോസഫ് വിതയത്തിൽ അഭിനന്ദനം അർഹിക്കുന്നു. സി.എം.ഐ. സഭയിൽ വ്യാപകമായും, കത്തോലിക്ക സഭയിൽ നാമമാത്രമായും, അറിയപ്പെടുന്ന കനീസിയൂസച്ചന്റെ ജീവചരി ത്രമാണ് ഈ മഹാകാവ്യത്തിന്റെ ഇതിവൃത്തം. കാവ്യപ്രതിപത്തി യില്ലാത്ത ഒരു സമൂഹത്തിൽ നിന്നാണ് ഇതിന് അനുവാചകരു ണ്ടാകേണ്ടത്. കാവ്യരചനയിൽ ഏറെ കൈത്തഴക്കം നേടിയിട്ടി ല്ലാത്ത ഒരു സന്യാസ വൈദികനാണ് എഴുത്തുക്കാരൻ. എല്ലാം ആലോചിക്കുമ്പോൾ ഇത് ഒരു സാഹസികയത്നമാണെന്നു പറ യേണ്ടിവരും. എങ്കിലും ഗ്രന്ഥകാരൻ ആ സാഹസിക യത്നത്തിൽ വിജയിച്ചു എന്നു പറയാനെനിക്കു സന്തോഷമുണ്ട്.

മന:പാഠമാക്കാൻ എളുപ്പമുള്ളതാണ് കാവ്യഭാഷ. പദപരിചയം വർദ്ധിപ്പിക്കാനും കാവ്യപഠനം സഹായിക്കും. കേരളത്തിലെ - എന്നല്ല ഇന്ത്യയിലെതന്നെ - ഹൈന്ദവ വിശ്വാസവും ഭക്തിയും വേരൂന്നിവളർന്നത് കാവ്യാലാപനങ്ങളിലാണ്. വീടുകളിലെ സന്ധ്യാകീർത്തനങ്ങൾ, കർക്കിടകമാസത്തിലെ രാമായണപാരാ യണം, ക്ഷേത്രങ്ങളിലെ പുരാണപാരായണം, ഭാഗവത സപ്താ ഹം ഇവയിലൂടെ വളർന്നുവന്ന ഒരു കാവ്യസംസ്കാരം ഹിന്ദു മതത്തെ വളർത്തിയെടുത്തു. അതു മനസ്സിലാക്കാനുള്ള ക്ഷമ ഇവിടത്തെ ക്രൈസ്തവർ പ്രദർശിപ്പിച്ചില്ല. അർണോസ്പാതിരി യെപ്പോലുള്ള ചില വിദേശ മിഷനറിമാർ അതു മനസ്സിലാക്കിയെ ങ്കിലും, മിഷനറിമാരുടെ കാലത്തിനുശേഷം അതു വളർത്തിക്കൊ ണ്ടുവരാൻ നമുക്ക് കഴിഞ്ഞില്ല.

ഓരോ പ്രദേശത്തിന്റെയും ഭാഷയിലും സംസ്കാരത്തിലും ദൈ വവചനം അവതരിപ്പിക്കണമെന്നുള്ള രണ്ടാം വത്തിക്കാൻ കൗൺ

സിലിന്റെ ആഹ്വാനവും നമ്മുടെ സഭാധികൃതർ വേണ്ടവിധത്തിൽ മനസ്സിലാക്കിയില്ല. കേരളത്തിലെ നവോത്ഥാന നായകന്മാരെല്ലാം കവികളായിരുന്നു-വിശുദ്ധ ചാവറയച്ചനുൾപ്പെടെ, സ്വന്തം ആത്മ കഥാംശങ്ങളിടകലർത്തിയാണ് വി. ചാവറയച്ചൻ ആത്മാനുതാപം എഴുതിയത്. അദ്ദേഹത്തിന്റെ അനുഗാമിയായ മറ്റൊരു പുണ്യ പുരുഷന്റെ ജീവിതകഥ കാവ്യരൂപത്തിൽ എഴുതിവെയ്ക്കാൻ തീരുമാനിച്ച ജെ. വിതയത്തിലിന്റെ ധൈര്യം ചരിത്രപരമായ പ്രാധാന്യമർഹിക്കുന്നുണ്ട്.

കവിത്വത്തിന്റെ പരകോടിയിലെത്തുമ്പോഴാണ് ഒരാൾ മഹാ കാവ്യരചനയ്ക്കു ധൈര്യപ്പെടുക.' 'സർഗ്ഗബന്ധോ മഹാകാവ്യ മുച്യതേ തസ്യ ലക്ഷണം" എന്നാരംഭിക്കുന്ന ആചാര്യൻ വ്യക്ത മാക്കുന്നതുപോലെ പതിനാലു സർഗ്ഗങ്ങളായിട്ടാണ് കനീസി യൂസ് ചരിതം രചിക്കപ്പെട്ടിരിക്കുന്നത്. മഞ്ജരി, കാകളി, താരാട്ട്, കേക, സർപ്പിണി, നതോന്നത എന്നിങ്ങനെയുള്ള ഭിന്നവൃത്തങ്ങൾ ഓരോ സർഗ്ഗത്തിലും മാറി മാറി പ്രയോഗിച്ചിരിക്കുന്നു. ഓരോ സർഗ്ഗത്തിന്റേയും ഉള്ളടക്കം സർഗ്ഗാരംഭത്തിൽ ശീർഷകമായി നൽ കിയിട്ടുണ്ട്. എങ്കിലും വന്ദ്യ കനീസിയൂസച്ചന്റെ ലഘുവായ ഒരു ജീവചരിത്ര സംഗ്രഹം ആമുഖമായി നൽകുന്നതുനന്നായിരിക്കും.

വന്ദ്യ കനീസിയൂസച്ചനിൽ വിളങ്ങിക്കണ്ട ആത്മീയതയ്ക്കും വേദശാസ്ത്ര വിജ്ഞാനത്തിനും നൽകിയിരിക്കുന്ന മുൻഗണന അലങ്കാരപ്രയോഗങ്ങൾക്കും മറ്റും നൽകിയിട്ടില്ലെങ്കിലും ഹൃദ്യ മായ അലങ്കാര പ്രയോഗങ്ങൾ അങ്ങിങ്ങു പ്രത്യക്ഷപ്പെടുന്നുണ്ട്. നോക്കൂ:-

ആദിവാസികളോടൊപ്പം നവാഗതരൊത്തുകൂടി
മോതിരത്തിൽ ക്കല്ലുപൊലെ തിളങ്ങി മേവി.

ഈ ഉപമ മറ്റു കാവ്യങ്ങളിലെങ്ങും കണ്ടിട്ടില്ല. ഇതു മൗലിക പ്രതിഭയിൽനിന്നുണ്ടാകുന്നതാണ്. കഥാപുരുഷന്റെ വൈദികാഭി ഷേക ദിനത്തെ അവതരിപ്പിക്കുന്ന ധ്വന്യാത്മകമായ മറ്റൊരുപമ നോക്കൂ:-

ചേലിലൊരുക്കിയിട്ടാദിനം വന്നുപോയ്
നീലക്കുറിഞ്ഞിക്കു പൂക്കാലം പോൽ.

വാസ്തവോക്തി അലങ്കാരം നിറഞ്ഞ വർണ്ണനകളും ഹൃദ്യമാ യിരിക്കുന്നു. കഥാനായകന്റെ സ്കൂൾ ജീവിതകാലം വർണ്ണിക്കു ന്നതിനിടയിൽ നിന്ന് ഇതാ ഒരു ഭാഗം:-

കൊച്ചുകുടചൂടും ചന്തം-നല്ല
പിച്ചവെച്ചുള്ള നടപ്പും.
    സഞ്ചി പലതരം ഭംഗി-ചാലെ
    പിഞ്ചുകിടാങ്ങൾ വഹിപ്പൂ.
വർണ്ണപ്പകിട്ടുള്ള ഷർട്ടും-നെഞ്ചിൽ
കണ്ണഞ്ചിക്കുന്നൊരു ടൈയും.
    കുട്ടികൾ കൂട്ടമായോടി-മഴ
    പെട്ടെന്നു പെയ്തു തുടങ്ങി.
തട്ടിത്തടഞ്ഞൊരു കുട്ടി-വീണു
ഷർട്ടെല്ലാം മണ്ണും ചെളിയും.
    ഉച്ചത്തിൽ കുട്ടി കരഞ്ഞു-അയ്യോ!
    കൊച്ചൗസേപ്പെന്നൊരു പയ്യൻ.

ആ പയ്യൻ നമ്മുടെ കഥാനായകൻ തന്നെയാണെന്നു വായനക്കാർ ഗ്രഹിക്കുമല്ലോ. പ്രാസപ്രയോഗവും ഭാഷയുടെ ലാളിത്യവും ശ്ലാഘനീയം തന്നെ.

ദ്വിതീയാക്ഷരപ്രാസം കവിതയുടെ അവശ്യഘടകമാണെന്നു ധരിച്ചതുപോലെ അതിനുവേണ്ടി ക്ലേശിക്കുന്ന ഘട്ടങ്ങളും കുറവല്ല. സംഗീതാത്മകമായ ചിന്തയാണു കവിത എന്നു കാർലൈൽ പറഞ്ഞിട്ടുണ്ട്. കവിതയ്ക്കു ചേർന്ന ഭാഷ സംഗീതാത്മകമായ പദ്യഭാഷയാണ്. അതിനു താളവും പ്രാസവുമെല്ലാം മാറ്റുകൂട്ടും. എന്നാൽപ്രാസാദ്യാഭരണങ്ങൾ വാങ്ങുവതിനായ് അർത്ഥം കളഞ്ഞീടൊലാ എന്ന ആചാര്യ വചനവും അവഗണിക്കരുതല്ലോ. നിരന്തരം കവിത വായിക്കുകയും എഴുതുകയും ചെയ്യുന്ന കവികൾക്ക് പ്രാസോചിത പദസ്വാധീനം വർദ്ധിച്ചിരിക്കും. നമ്മുടെ കവിക്ക് അക്കാര്യത്തിലൊരു കുറവുണ്ടായാൽ അതു ക്ഷന്തവ്യമെന്നേ കരുതേണ്ടൂ. ദൈവശാസ്ത്രവും, തത്ത്വശാസ്ത്രവും സംക്ഷേപിച്ചു കാവ്യഭാഷയിലൊതുക്കാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന ക്ലേശവും രചനാ സൗഭഗത്തിനു ചിലപ്പോൾ ഊനം തട്ടിക്കുന്നുണ്ട്. കാവ്യ വിമുഖരായ നമ്മുടെ വായനക്കാരെ മനസ്സിൽക്കണ്ടുകൊണ്ടാണ് ഇങ്ങനെ ചിലതു സൂചിപ്പിക്കുന്നത്. അവരെ മുഷിപ്പിക്കരുതല്ലോ.

കർമ്മയോഗിയായ വിശുദ്ധ ചാവറയച്ചന്റെ ധ്യാനയോഗിയായ കനീസിയൂസെന്ന ഈ വിശിഷ്ട ശിഷ്യനെ നേരിൽക്കണ്ടു

പരിചയപ്പെടാനും അദ്ദേഹത്തിൽ നിന്ന് ഉപദേശം സ്വീകരിക്കാനും അപൂർവ്വമായെങ്കിലും ഭാഗ്യമുണ്ടായ ഒരാളാണ് ഈ അവതാരികക്കുറിപ്പെഴുതുന്നത്. ജറുസലേം ദേവാലയം പണിയാനുദ്യമിച്ച ദാവീദ് രാജാവിനോട് നീ അതു പണിയില്ല, നിന്റെ മകൻ പണിയും എന്നു ദൈവം അരുളിചെയ്തത് ദാവീദിന്റെ മകനായ സോളമനെ ഉദ്ദേശിച്ചല്ല - ദാവീദിന്റെ പുത്രനായ ഈശോ മിശിഹായെ ഉദ്ദേശിച്ചാണ് എന്ന് അദ്ദേഹം പറഞ്ഞു തന്നത് എന്റെ ചെവിയിൽ മുഴങ്ങുന്നു. ദാവീദിന്റെ പുത്രനെക്കുറിച്ച്ക്രിസ്തുഗാഥ എന്ന മഹാകാവ്യമെഴുതി സാംസ്കാരികാനുരൂപണത്തിന്റെ വഴി തുറക്കാൻ ശ്രമിച്ച എനിക്ക് വി. ചാവറപ്പിതാവിന്റെ ആത്മീയ പുത്രനെക്കുറിച്ച് ഒരു മഹാകാവ്യമെഴുതി കാവ്യമാർഗ്ഗത്തിൽ പാദമൂന്നിയ മറ്റൊരു കൊച്ചുമകനെ അഭിനന്ദിക്കാനും ആശംസിക്കുവാനും ലഭിച്ച ഈ അവസരം ഒരു ദൈവാനുഗ്രഹമായിത്തന്നെ കരുതുന്നു. വായനക്കാരെയും ആ അനുഗ്രഹം പിന്തുടരട്ടെ എന്ന ആശംസയോടെ ഞാൻ ഈ ഗ്രന്ഥം അവർക്കു കൈമാറുന്നു.

കോട്ടയം-41,
14-08-2016.

**പ്രൊഫ. മാത്യു ഉലകംതറ**



# അനുഗ്രഹവചസ്സുകൾ

ദൈവദാസൻ കനീസിയൂസച്ചനെ എനിക്ക് നല്ല പരിചയമുണ്ട്. അദ്ദേഹത്തിന്റെ സുകൃത ജീവിതത്തെ കണ്ടറിഞ്ഞിട്ടുണ്ട്; അതിലുപരി, കേട്ടറിഞ്ഞിട്ടുണ്ട്, പലരിൽനിന്നും. എന്നേക്കാൾ വളരെ കൂടുതൽ കാലം അച്ചന് ആ പുണ്യ ശ്ലോകനെപ്പറ്റി അറിയാമെന്ന് ഞാൻ വിചാരിക്കുന്നു. അദ്ദേഹം ധർമ്മാരാം റെക്ടറായും, ജനറാളായും, പ്രൊവിൻഷ്യലായും മറ്റും ഉന്നത ശ്രേണികളിൽ വ്യാപരിച്ചിട്ടുണ്ടല്ലോ.

ദൈവദാസൻ കനീസിയൂസച്ചനെപ്പറ്റി ചില ചെറുഗ്രന്ഥങ്ങൾ ഞാൻ കണ്ടിട്ടുണ്ട്; വായിച്ചിട്ടുണ്ട്. അദ്ദേഹം യഥാർത്ഥത്തിൽ ഒരു വിശുദ്ധ സന്യാസ വൈദികനായിരുന്നുവെന്ന് പലരും പറഞ്ഞുകേൾക്കുന്നുണ്ട്; പ്രത്യേകിച്ച് അടുത്ത് പരിചയമുള്ളവർ. പക്ഷേ, കവിതയായി ജീവചരിത്രം രചിച്ചത് ആദ്യമായാണ്, ഞാൻ കാണുന്നത്. അപ്പോൾ അച്ചൻ ഒരു കവിയും കൂടിയാണെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു, അനുമോദിക്കുന്നു.

സ്ഥാനമാനങ്ങൾ അലങ്കരിച്ചിരുന്നപ്പോഴും അല്ലാത്തപ്പോഴും ഒരുത്തമ സമർപ്പിത ജീവിതത്തിന്റെ ആൾരൂപമായിരുന്നല്ലോ, പുണ്യചരിതനായ കനീസിയൂസച്ചൻ. അദ്ദേഹത്തിന്റെ ജീവിതലാളിത്യവും വിനയസ്വഭാവവും ആരേയും ആകർഷിക്കാൻ പോരുന്നതാണ്. പണ്ഡിത ഭാവമില്ലാതെ പാണ്ഡിത്യം പകർന്നുകൊടുക്കുന്ന ഒരു വിനീത സന്യാസശ്രേഷ്ഠൻ എന്നതാണ് അദ്ദേഹത്തിന്റെ ജീവിത സംക്ഷേപമെന്ന് ഞാൻ കരുതുന്നു. അതൊക്കെയാണല്ലോ ഈ കൃതിയിലും സവിസ്തരം പ്രതിപാദിച്ചിരിക്കുന്നത്.

കാവ്യരീതിയിലും, ചമൽക്കാര ഭംഗിയിലും, ലയമാധുരിയിലും ഭാവനാവികാസത്തിലും പുണ്യപുരുഷനായ കനീസിയൂസച്ചനെ വരച്ചുകാട്ടുന്ന ഈ മഹിതോദ്യമം മഹത്തരമായി

രിക്കുന്നു, ഭാവസുന്ദരമായിരിക്കുന്നു. ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രം എടുത്തുകാണിക്കട്ടെ.

കൃശാംഗ ദേഹരൂപം സ്നേഹത്യാഗസഞ്ചയം

ഭൃശാംഗ ദേഹീഭാവം പ്രശാന്തം പാരത്രികം

ഈ വരികൾ വായിച്ചാൽ ദൈവദാസനെ നേരിൽ കാണുന്നതു പോലെ തോന്നും. അത്രയ്ക്കും ഹ്രസ്വവും അർത്ഥപൂർണ്ണവുമായ വരികൾ! അദ്ദേഹത്തിന്റ സ്നേഹഭാവങ്ങളും, സിദ്ധിചാതുര്യങ്ങളും ആത്മപ്രകാശന പ്രസരണവും ഈ വരികളിൽ തിളങ്ങുന്നുണ്ട്.

ജന്തുയാഗാർപ്പണം ദൈവത്തിനപ്രിയം

വെന്തുരുകും ഹൃത്താണേറ്റം പ്രിയം.

ദൈവിക മനസ്സാഗ്രഹിക്കുന്നതും ദൈവദാസനർപ്പിക്കുന്നതുമായ സവിശേഷാദർശം സുവിദിതമാണല്ലോ, ഇവിടെ. ഹൃദയമുരുകുന്ന പ്രാർത്ഥനയേക്കാൾ ഫലസിദ്ധിയുള്ളതൊന്നുമില്ലെന്ന് വ്യക്തം.

ഫിയാത്തു ചൊല്ലിടം സ്വാതിക ശക്തിയിൽ

പിയാനോ ഗീതം പോൽ നാക സൗഖ്യം

എല്ലാ കാര്യങ്ങളിലും ദൈവഹിതം മാത്രം അന്വേഷിച്ച് പ്രാവർത്തികമാക്കാൻ ആഗ്രഹിക്കുന്ന വിശുദ്ധാത്മാക്കൾക്ക് സ്വർഗ്ഗീയാനന്ദം അനുഭവവേദ്യമാകുന്നു.

തങ്കശോഭയാൽ തൂകുന്നു ഭാനുമാൻ

ചെങ്കതിർ വീശും സായഹ്ന വേദികെ

താതനും നാക തേജസ്സൊഴുക്കുന്നു

പാതയിലൂടെ പ്രയാണമഭ്യസ്തം.

അസ്തമയ സൂര്യൻ മനോഹരമായ തങ്കരശ്മികൾ വാരിവിതറുന്നതുപോലെ പുണ്യശ്ലോകനായ കനീസിയൂസച്ചൻ മരണവേളയിൽ സ്വർഗ്ഗീയ തേജസ്സൊഴുക്കുന്ന ഹൃദ്യവും ഭാവനാസമ്പന്നവുമായ ഒരനുഭവം അതിവിശേഷമായിരിക്കുന്നു. കവിക്കും അനുവാചകർക്കും ആസ്വാദകർക്കും എന്റെ അനുഗ്രഹാശിസ്സുകൾ.

**മാർ ജേക്കബ്ബ് തൂങ്കുഴ**

*ആർച്ച് ബിഷപ്പ്, എമരിറ്റസ്*



# പ്രസാധകക്കുറിപ്പ്

നല്ല കവിത എപ്പോഴും സുന്ദരമാണ്. കാവ്യഭാവന ഒരു വ്യക്തിയുടെ ഹൃദയത്തിൽനിന്ന് വിരിയുന്ന മനോഹര പുഷ്പമാണ്. ഒരു വ്യക്തിയുടെ ജീവിതചരിത്രം കാവ്യാത്മകമായി അവതരിപ്പിക്കുക ശ്രമകരമായ ജോലിതന്നെ. പക്ഷെ, ഹൃദയഹാരിയായ ഒരു കവിതപോലെ, കാവ്യഭംഗിയോടെ ഈ ലോകത്ത് ജീവിച്ച് സുകൃത പുഷ്പമായിത്തീർന്ന ദൈവദാസൻ കനീസിയൂസച്ചന്റെ ജീവിതം കവിതാരൂപത്തിലാക്കുന്നത് അഭിമാനത്തിന് വകനൽകുന്നു. താൻ അടുത്തറിഞ്ഞ കനീസിയൂസച്ചനെ ഏറെ സുന്ദരമായ ശൈലിയിൽ ബഹു. ജോസഫ് വിതയത്തിലച്ചൻ അവതരിപ്പിച്ചിരിക്കുന്നത് ശ്ലാഘനീയമാണ്. കവിതയുടെ സമാപനത്തിൽ കനീസിയൂസച്ചനെക്കുറിച്ച് ഉദ്ദരിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

"ദിവ്യജ്യോതിസ്സായ് കനീസിയൂസച്ചൻ
ദേവലോകേ ജ്വലിക്കട്ടെ നിത്യവും"

തന്റെ സന്യാസജീവിതസരണിയിൽ ഗുരുശ്രേഷ്ഠനായി വിരാജിച്ചിരുന്ന കനീസിയൂസച്ചൻ ദിവ്യജ്യോതിർഗോളമായി നിതാന്തം ജ്വലിച്ചുകാണാനുള്ള ആഗ്രഹത്താൽ പ്രേരിതനായിട്ടാകണം വിതയത്തിലച്ചൻ ഈ സദുദ്യമത്തിന് തുനിഞ്ഞതെന്ന് ഞാൻ കരുതുന്നു. അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തിരിക്കുന്നു. കനീസിയൂസച്ചനെന്ന പുണ്യാത്മാവിനെക്കുറിച്ച് അനേകം കവിതകളും കാവ്യരൂപങ്ങളും വിതയത്തിലച്ചന്റെ തൂലികയിൽനിന്ന് ഉയിർകൊള്ളട്ടെ. അത് അനേകർക്ക് പ്രചോദനമാകട്ടെ.

ദൈവദാസനായ കനീസിയൂസച്ചനെക്കുറിച്ച് ഒരു മഹാകാവ്യം പ്രസിദ്ധീകരിക്കാൻ ഏല്പിച്ചുതന്ന വിതയത്തിലച്ചനോട് നന്ദി പറയുന്നു. ഈ മാഹാകാവ്യം വെളിച്ചംകാണാൻ സഹായിച്ച അലക്സ് കാരുവേലിനും, സിനി ടീച്ചർക്കും ഒത്തിരിയേറെ നന്ദി.

**ഫാ. ഡോ. ഡേവിസ് പനക്കൽ** CMI
*വൈസ് പോസ്റ്റുലേറ്റർ*
സെന്റ് തെരേസാസ് ആശ്രമം, അമ്പഴക്കാട്



# മുഖമൊഴി

എനിക്കടുത്തു പരിചയമുള്ള ആചാര്യന്മാരിൽ, പണ്ഡിതന്മാരിൽ, സന്ന്യാസിമാരിൽ ആദ്യനിരയിൽ ആസ്ഥാനമുറപ്പിച്ചിട്ടുള്ള വ്യക്തിയാണ്, ദൈവദാസനായ കനീസിയൂസച്ചൻ. റെക്ടറായും, പ്രൊഫസറായും, ജനറാളായും, പ്രൊവിൻഷ്യലായും മറ്റും 1962 മുതൽ സുദീർഘ ബന്ധമുണ്ട്, ഞങ്ങൾ തമ്മിൽ. പിതൃസഹജമായ കാവലും കരുതലും, സ്നേഹമസൃണമായ പെരുമാറ്റവും അദ്ദേഹത്തിന്റെ കൈമുതലാണ്. വളർത്തുന്ന ജീവിതശൈലി, വിനയാന്വിതമായ സ്വഭാവം, സർവ്വോപരി, പ്രാർത്ഥനാ ചൈതന്യം, സഹന ജീവിതത്തിലുള്ള ആഭിമുഖ്യം എന്നിങ്ങനെ വിശിഷ്ട ഗുണപൗഷ്കല്യത്തിന്റെ ഉടമയായിട്ടേ കനീസിയൂസച്ചനെ കാണാനാവൂ.

ശബ്ദമുണ്ടാക്കാത്ത സന്ന്യാസവൈദിക ജീവിതം, എന്നാൽ ശബ്ദ (വചനം/ നാദം) ത്തിൽ ലയിച്ചു ചേർന്ന, അഥവാ അതായിത്തീർന്ന ജീവിതവ്യാഖ്യാനം എന്നതാണ് കനീസിയൂസച്ചൻ. ദൈവദാസൻ എന്നതിനേക്കാൾ വചനഭാസൻ എന്നാണദ്ദേഹം വിളിക്കപ്പെടേണ്ടത്. വന്ദ്യകനീസിയൂസച്ചൻ പറയാനും പഠിപ്പിക്കാനും മാത്രം സ്വന്തമാക്കിയതല്ല വചനം, പ്രത്യുത ജീവിതബന്ധിയാക്കാനായിരുന്നു. അതേറെക്കുറെ സാധിച്ചു; അതിൽ വിജയിക്കുകയും ചെയ്തു.

ആ പുണ്യപുരുഷനെ വരച്ചുകാണിക്കാൻ എന്റെ ഈ അവശകാവ്യകൃതി അശക്തമാണെങ്കിലും, എന്തൊക്കെയോ കുറിച്ചുവെച്ചുവെന്നതിൽ ഞാൻ ചാരിതാർത്ഥ്യമടയട്ടെ. കുറിച്ചുവെച്ച വരികളിൽ കുറവുണ്ടെന്നതിൽ എനിക്കു കുണ്ഠിതമുണ്ട്. കുറവുകളെ നിറവുകളാക്കാൻ എപ്പോഴും ഒത്തിരി ഔദാര്യവും സ്നേഹപരിശ്രമവും ചെയ്തിരുന്ന ശ്രേഷ്ഠാചാര്യൻ കനീസിയൂസച്ചനും, നിങ്ങളോരോരുത്തരും ദാക്ഷിണ്യപൂർവ്വം ക്ഷമിക്കുമെന്ന് ഞാൻ കരുതട്ടെ.

മഹാകവി, സാഹിത്യനിരൂപകൻ, സുപ്രസിദ്ധ വാഗ്മി തുടങ്ങിയ പ്രാഗല്ഭ്യമേറിയ സാഹിത്യ ശ്രേണികളിൽ വിരിഞ്ഞു

വിളങ്ങി വിരാജിക്കുന്ന പ്രൊഫ. മാത്യു ഉലകംതറ സാറാണ് ഈ കാവ്യകൃതിക്ക് അവതാരിക എഴുതിയിരിക്കുന്നത്. കാവ്യം ആദ്യന്തം വായിച്ച് ആവശ്യമായ നിർദ്ദേശങ്ങളും ചില തിരുത്തലുകളും പല പല പ്രോത്സാഹനങ്ങളും നല്കി എന്നെ ശിഷ്യനായി സ്വീകരിക്കാൻ മഹാമനസ്കത കാണിച്ചത് നന്ദിയോടെ ഞാനോർക്കുന്നു. ആ ഗുരുവിന്റെ കരുത്തുറ്റ കരങ്ങൾ എന്നെ താങ്ങി രക്ഷിച്ചതിന് പെരുത്ത് നന്ദിയുണ്ട്.

സഹൃദയരുടെ മുക്തകണ്ഠപ്രശംസയ്ക്ക് പാത്രീഭവിച്ചതും, ഇതിനകം ആറുപതിപ്പുകൾ പ്രസിദ്ധീകരിക്കാൻ തക്കവിധം പ്രശസ്തി നേടിയതും, ക്രിസ്തുവിന്റെ വ്യക്തിത്വവും സന്ദേശങ്ങളും പഠനങ്ങളും ശ്രവണമധുരമായ വിധം പാടി പ്രകീർത്തിച്ചതും, ഉള്ളൂർ അവാർഡുൾപ്പെടെ അനേകം അവാർഡുകൾ ആഭരണമാക്കിയതുമായ ക്രിസ്തുഗാഥ എന്ന മഹാകാവ്യം ഇന്ന് മലയാളത്തിന്റെ മാധുര്യമാർന്ന മഹാഭാഗ്യവും ധന്യമായൊരു മുതൽക്കൂട്ടും, ക്രൈസ്തവരുടെ ഉൽക്കൃഷ്ട സാഹിത്യസമ്പത്തുമായിരിക്കയാണല്ലോ. സാഹിത്യ സാമ്രാട്ടായി, സദസ്സിന്റെ ചിരഞ്ജീവിയായി വിരാജിക്കുന്ന ഉലകംതറ, സാഹിത്യലോകത്തിന്റെ തറയും തലപ്പും, തലയും തലപ്പാവുമായി ചിരകാലം പരിലസിക്കട്ടെ.

അനുഗ്രഹവചസ്സുകളേകി സദയം ആശീർവ്വദിച്ച അഭിവന്ദ്യ ജേക്കബ്ബ് തൂങ്കുഴി പിതാവിനെ സ്നേഹ ബഹുമാനാദരവുകളോടും അതിലേറെ കൃതജ്ഞതയോടും കൂടി ഞാൻ അനുസ്മരിക്കുന്നു. അസുഖങ്ങൾ അവഗണിച്ചു എന്നെ പരിഗണിച്ച ഉദാരമായ ആ പൈതൃകസ്നേഹത്തിന് മുമ്പിൽ ഞാൻ നമ്രശിരസ്കനാകുന്നു. ജൂബിലി ആഘോഷത്തിന്റെ തിരക്കിലായിരുന്നിട്ടും എന്റെ അപേക്ഷയും ആഗ്രഹവും തിരസ്കരിക്കാതെ സമയം കണ്ടെത്തി സഹായിച്ചതിന് സ്നേഹപിതാവേ, ഞാനെന്നെന്നും അങ്ങയോട് കടപ്പെട്ടവനാണ്. തൊട്ടതൊക്കെ പൊന്നാക്കുന്ന അങ്ങയുടെ അനുഗ്രഹാശിസ്സുകൾ എനിക്കെന്നും പ്രോത്സാഹനവും ശക്തിയും, ഓജസ്സും ആവേശവുമായിരിക്കട്ടെ.

ഈ കാവ്യകൃതിയുടെ മുദ്രണവും വിതരണവും ഏറ്റെടുത്ത് ഭംഗിയായി നിർവ്വഹിച്ച ദൈവദാസൻ കനീസിയൂസ് പബ്ളിക്കേഷന് എന്റെ ഹൃദയം നിറഞ്ഞ കൃതജ്ഞതയും ആദരവും അർപ്പിക്കുന്നു

**ജെ. വിതയത്തിൽ**

**9249440248**

# കനീസിയൂസ് ഗുരുകാവ്യചരിതം

**ഒന്നാം സർഗ്ഗം :**

## സ്ഥലപുരാണം

മഹേശ്വരാ നിന്റെ ദാസൻ കനീസിയൂസച്ചൻ തന്റെ
മഹത്വങ്ങൾ കുറിക്കാനായ് കൃപയേകണേ.
കേരളനാട്ടിലെ തൃശ്ശൂർ ജില്ലയിലൊരു ഭാഗത്തായ്
സാരള്യം തുളുമ്പുന്നൊരു ഗ്രാമമുണ്ടല്ലോ.
സാനന്ദം ഗ്രാമവാസികൾ സഹവസിച്ചീടുന്നതാം
ആനന്ദപുരമെന്നതാണായതിൻ നാമം.
പേരിലെന്നപോലെ ജനമാനന്ദമോടാവസിക്കും
പാരിലെപ്പറുദീസയാണാ നല്ല ദേശം
കായക്ലേശമേശാതവർ സുഖംതേടി മുരിയാടൻ
കായലിന്റെ തീരത്തായി വസിച്ചുപോന്നു.
മൂന്നു നൂറ്റാണ്ടിനു മുന്നേ തെക്കേക്കര വീട്ടുകാരിൽ
മുന്നോർ വന്നാനന്ദപുരം പൊതപ്പറമ്പിൽ.
കാടുകേറിക്കിടന്നൊരു മനവക സ്ഥലം വാങ്ങി
നാടുമാറി വന്ന കുറവിലങ്ങാട്ടുകാർ.
കാടുനാടാക്കുന്ന നല്ല പ്രയത്നശീലമായവർ
വീടുകേറ്റി താമസമുറപ്പിച്ചു വേഗം.
ആദിവാസികളോടൊപ്പം നവാഗതരൊത്തുകൂടി
മോതിരത്തിൽ ക്കല്ലുപൊലെ തിളങ്ങി മേവി.
സ്നേഹസഹായങ്ങളേകി സമാധാന സമൂഹമായ്
സേവനതൽപരാമവർ സഹവസിച്ചു.
യുദ്ധകാല കെടുതികൾ നാടിനെ ഞെരുക്കിയപ്പോൾ
സത്വര സഹായം പുതുവീട്ടുകാർ നൽകി.

രണ്ടാം സർഗ്ഗം :

# ബാല്യകാലം

തെക്കേക്കര വീട്ടിലഞ്ചാമതായിട്ടു
പുത്തനൊരാൺകുഞ്ഞു ജാതനായി.

ലോനപ്പൻ മറിയാ ദമ്പതികൾക്കേറ്റം
മോദം പകർന്നൊരു പൊൻകുമാരൻ.

മാതാപിതാക്കളും മുത്തച്ചി സോദരർ
ഏവരുമുണ്ണിയെ ത്താലോലിച്ചു.

ആദ്യലോകമഹായുദ്ധമാരംഭിക്കാൻ
ആഴ്ചകൾമുമ്പാണീ പുണ്യജന്മം.

എട്ടുപത്താണ്ടോളം ലോകം മുഴുവനും
പട്ടിണികൊണ്ടു വലഞ്ഞകാലം.

പുത്തൻകുടുംബക്കാർ നല്കും സഹായത്താ-
ലൊട്ടൊരാശ്വാസമയൽകാർക്കുണ്ടായ്.

തീയ്യിൽമുളച്ചതു ചൂടിൽ വാടാ, കുട്ട-
നീയന്തരീക്ഷത്തിൽ ജാതനായോൻ.

ഉണ്ണിക്കു സ്നാനപ്പേർ ജോസഫെന്നേകിനാർ
വിണ്ണിൻ സ്നേഹാശിഷ ധന്യതയിൽ.

മുത്തച്ചി, അമ്മച്ചി, താതനും കൂട്ടരും
മുത്തം കൊടുത്തു വളർത്തി ചേലിൽ.

പള്ളിക്കൂടം വിട്ടാൽ കൊച്ചൗസേപ്പിനെന്നും
പിള്ളേരെല്ലാം താഴെ വെയ്ക്കാറില്ല.

ആദ്യഗുരുക്കളാം മാതാപിതാക്കൾ, നി-
വേദ്യമായർപ്പിച്ചാ കൊച്ചുണ്ണിയെ.

ചേച്ചിക്കരികിലായ് ക്ലാസ്സിലിരിക്കുന്ന
കൊച്ചുകുതുകിയാ ജ്ഞാനദാഹി

കൊച്ചുമിടുക്കനെന്നെല്ലാരും ചൊല്ലുന്ന
കൊച്ചൗസേപ്പിൻ ബുദ്ധി പ്രായാതീതം.

ജ്ഞാനപ്രായങ്ങളിലീശ പ്രസാദത്തിൽ
ധ്യാന നിർലീനനായ് വ്യാപരിച്ചു.

ഒട്ടും പ്രസരിപ്പില്ലാത്തൊരു കുട്ടിയെ-
ന്നൊട്ടു പേരങ്ങിങ്ങാ യാരോപിച്ചു.

ആരാണുകൂടുതൽ സ്നേഹിപ്പതെന്നവർ
ആറേഴുപേർതമ്മിൽ മത്സരിച്ചു.

ദാക്ഷിണ്യസ്നേഹങ്ങളാസ്വദിച്ചിങ്ങനെ
സാക്ഷ്യവും നന്നായ് ഗ്രഹിച്ചു കൊച്ചൻ.

മുട്ടിന്മേൽ നിന്നവനീശോ വിളിക്കുവാൻ
മുട്ടിപ്പായഭ്യസനം നടത്തി.

മൂത്തവർ ചെയ്യുമാ സൽകൃത്യമോരോന്നും
മുത്തമിട്ടാശ്ലേഷിച്ചഭ്യസിച്ചു.

മൂന്നാം സർഗ്ഗം :

# ഒന്നാം ലോകമഹായുദ്ധം

ദുഷ്ടത പാരിൽ നിറയും കാലം
മുഷ്ടികളുയരാൻ തുനിയും വേഗം.

സ്വാർത്ഥതകൂടെ കൂട്ടിനു വന്നാൽ
പാർത്തല മഖിലം ചോരക്കളമാം

നൂറ്റാണ്ടിരുപതി ലാരംഭത്തിൽ
നാറ്റം വന്നതു ലോകം മുഴുവൻ.

കൊല്ലം പത്തൊടു നാലു തുടങ്ങി
കൊല്ലും കൊലയും പതിനെട്ടോളം.

ഓസ്ട്രിയ-ഹങ്കറി രാജകുമാരനെ
ബോസനിയായിൽ കൊന്നുമലർത്തി.

ഫെർഡീനാൻഡിൻ ജീവനൊടുക്കി
ഭീകരസംഘം സെർബിയതന്നിൽ.

കൊന്നതു കാരണമെന്നുവരുത്തി
ചൊന്നതു യുദ്ധ പ്രഖ്യാപനമായ്.

സഖ്യ-ചതുർ-കക്ഷികളെതിരായി
മിക്കവരും യുദ്ധോത്സുകരായി.

ബ്രിട്ടൻ ഫ്രാൻസും ഇറ്റലി റഷ്യ
കൂട്ടിനു ജപ്പാൻ യൂയെസേയും

ഓസ്ട്രിയാ, ഹങ്കറി, ജർമ്മനി, തുർക്കി
ഇത്യാദികളാ ചതുർകക്ഷികളും.

രോദന നാദം കേൾക്കുന്നയ്യോ!
യാതനയാൽ നിറ കൂമ്പാരങ്ങൾ.

പടപട ധ്വനികൾ ക്കിടയിൽ നിന്നും
പൊടിപടലങ്ങളുയർന്നു വിണ്ണിൽ.

കോടിയിലേറെ മരിച്ചു, മൂന്നു-
കോടിയിലധികം മുറിവേറ്റവരും.

നിറദുരിതങ്ങളയ്യയ്യയ്യയ്യോ!
വെറിപൂണ്ടിരുനിര പോരാട്ടത്തിൽ

ദു:സ്സഹമയ്യോ ലോകം കണ്ടൊരു
കഷ്ടതയിതുപോൽ മറ്റൊന്നില്ല

ക്രൂരതയേറി വിഷഗ്യാസേറ്റു
മാരണ സംഖ്യയുയർന്നു മലപോൽ.

പട്ടിണിയാലെ രോഗമുതിർന്നു
പട്ടണനിരയും ഗ്രാമവുമെല്ലാം.

മില്യൻ സേനയെ നീക്കി ബ്രിട്ടൻ
നല്ലൊരു തുകയീയിന്ത്യയിൽ നിന്നും.

ദാരിദ്ര്യത്തിലമർന്നടി പറ്റിയ
കാരണമാവക കെടുതികൾ തന്നെ.

നാലാം സർഗ്ഗം :

# സ്കൂളിലേക്ക്

ഓമനക്കുഞ്ഞുങ്ങൾ പോകും-ചേലിൽ
താമരക്കൂട്ടങ്ങൾ പോലെ.

കൊച്ചുകുടചൂടും ചന്തം-നല്ല
പിച്ചവെച്ചുള്ള നടപ്പും.

സഞ്ചി പലതരം ഭംഗി-ചാലെ
പിഞ്ചുകിടാങ്ങൾ വഹിപ്പൂ.

വർണ്ണപ്പകിട്ടുള്ള ഷർട്ടും-നെഞ്ചിൽ
കണ്ണഞ്ചിക്കുന്നൊരു ടൈയും.

കുട്ടികൾ കൂട്ടമായോടി-മഴ
പെട്ടെന്നു പെയ്തു തുടങ്ങി.

തട്ടിത്തടഞ്ഞൊരു കുട്ടി-വീണു
ഷർട്ടെല്ലാം മണ്ണും ചെളിയും.

ഉച്ചത്തിൽ കുട്ടി കരഞ്ഞു-അയ്യോ!
കൊച്ചൗസേപ്പെന്നൊരു പയ്യൻ.

ചേച്ചിവന്നാശ്വസിപ്പിച്ചു-മെല്ലേ
വേച്ചു നടന്നവൻ കൂടെ.

ക്ലാസ്സിലിരുത്തിയ ശേഷം-വേഗം
റോസി തൻ ക്ലാസ്സിലേക്കോടി

ടീച്ചറുവന്നെത്തി ക്ലാസ്സിൽ-ഹാജർ
മെച്ചമായ്ക്കണ്ടതി മോദാൽ.

പദ്യം പഠിച്ചതു ചൊല്ലാൻ-ആദ്യം
ചോദ്യം കൊച്ചൗസേപ്പിനോടായ്

ഈണത്തിൽ താളത്തിൽ പാടി-കുട്ടി
വീണ കാര്യങ്ങൾ മറന്നു.

ഇങ്ങനെ വർഷമോരോന്നായ്-നല്ല
മംഗളമായിക്കടന്നു.

നാലാം ക്ലാസ്സുവരെയെത്തി-പിന്നെ
മേലോട്ടാ സ്കൂളിൽ ക്ലാസ്സില്ല.

ചേർന്നു പറപ്പൂക്കരയിൽ-അഞ്ചിൽ
ചേർന്നതില്ലാ വഴിയാത്ര.

അഞ്ചാറുനാഴിക ദൂരം-പോകാൻ
പിഞ്ചുപാദങ്ങൾക്കു ഭാരം

വഞ്ചിയിൽ വർഷക്കാലത്തും-യാത്ര
തഞ്ചമില്ലാത്തൊരു നീക്കം.

താളത്തിൽ വന്ന പഠനം-അവ-
താളത്തിലായിതുമൂലം.

ജ്ഞാനവും പ്രായവുമേറി-വന്നു
മേനി വളർന്നിതില്ലൊപ്പം.

എൽത്തുരുത്തിൽ ചെന്നു മുട്ടി-നോക്കി
എത്തുമോ ഭാഗ്യകടാക്ഷം?

വീട്ടിൽനിന്നയ്യോ ബോർഡിങ്ങിൽ-ചേരാൻ
കുട്ടി ചെറുതെന്ന കുറ്റം.

ചൊന്നതുകേട്ടാറെ ദു:ഖം-തോന്നി
ചെന്നവർക്കും കൊച്ചുമോനും.

അച്ചൻപട്ടത്തിനു ചേരാ-നിഷ്ടം
അച്ചന്മാരോടുര ചെയ്തു.

തീക്ഷ്ണമായാഗ്രഹംദർശി-ച്ചവർ
തീരുമാനിച്ചങ്ങെടുത്തു.

ഇഷ്ടം നിറഞ്ഞൊരു വാർത്ത-നേരിൽ
കുട്ടിക്കും വീട്ടിലെല്ലാർക്കും.

പെട്ടിയും കെട്ടുമായെത്തി-വേഗം
കുട്ടി സന്തോഷാധിക്യത്താൽ.

അഞ്ചാറേഴുക്ലാസ്സു മാത്രം-മേലിൽ
ചഞ്ചലിപ്പില്ലാത്ത നോട്ടം.

പാഠ്യവിഷയങ്ങളെല്ലാം-മേന്മേൽ
നേടിയെടുക്കാനും മോഹം.

ഏറ്റം പ്രത്യാശയിലെത്തി-കേറ്റം
ഞാറ്റടിയിൽ നിന്നു മേറ്റം

പേരെഴും സൽഗുണ പാഠ-ശാല
കൂറെഴുന്ന നിയന്താക്കൾ.

ഒത്തൊരുമിച്ചൊരു ഗേഹം-ദൈവ-
ചിത്തത്തിനൊത്തു വന്നെത്തി.

ത്യാഗം, സ്നേഹമെന്ന രണ്ടു-കാലിൽ
വേഗം ശുഭാപ്തിയിലെത്തി.

വർഷം ചുരുങ്ങി മാസം പോൽ-കാലം
ഹർഷത്തിൽ സ്വർഗ്ഗം കണക്കെ.

ഏഴാകും ക്ലാസ്സിൽ വിജയം-പിന്നെ
വേഴാമ്പൽ പോലൊരു ദാഹം.

അച്ചൻ പട്ടത്തിനു പോകാൻ-നല്ലോ-
രിച്ഛയുണ്ടെങ്കിൽ പറയാം.

ആശിച്ച പൂവെല്ലാം പൂത്തു-ദിവ്യ-
നീശോ സഹായത്തിനെത്തി.

പേരുകൊടുത്തതിമോദാൽ-കൊച്ചൻ
ചാരുതയാർന്ന സ്വരത്തിൽ.

**അഞ്ചാം സർഗ്ഗം :**

# പാവറട്ടിയിൽ

അച്ചൻപട്ടത്തിനായാശിച്ചപേക്ഷിച്ച
കൊച്ചൗസേപ്പിനെ യൊരുക്കി ദൈവം.
അന്നു വൈദികാർത്ഥിക്കാസ്ഥാനമായിടം
വന്നു പാവറട്ടി യാശ്രമത്തിൽ
ഏറുമാവേശത്താലാമോദത്താലവൻ
കേറിയോഗാർത്ഥിഭവനംതന്നിൽ
പ്രത്യേകമായുള്ള വെള്ളവസ്ത്രം ചാർത്തി
അർത്ഥികളാദ്യപ്പടിയിലേറി.
എട്ടൊമ്പതുപത്തു ക്ലാസ്സുകൾക്കൊപ്പമായ്
ചട്ടങ്ങളും സന്യാസാരംഭവും.
ചിട്ടയിലാക്കുവാനാശിക്കും യോഗാർത്ഥി
പട്ടുപോൽ മാറ്റുന്നു തൻസ്വഭാവം.
സേവനചാതുരി തിങ്ങിനിറഞ്ഞവൻ
പാവനതീർപ്പു പരമാവധി .
എന്തോരു സേവനമാർക്കും ചെയ്തീടുവാൻ
സന്തോഷത്തോടെ യൊരുക്കമാർന്നു.
ദിവ്യബലി മറ്റു കർമ്മാനുഷ്ഠാനങ്ങൾ
ദൈവകൃപാവരസഞ്ചായ്യമായ്.
തൻഗുരുക്കൾക്കും സതീർത്ഥ്യർക്കുമൊന്നുപോൽ
പങ്കുവെച്ചന്നവനാസ്വദിച്ചു.
കൊച്ചൗസേപ്പക്കാലം ജ്ഞാനസുകൃതങ്ങൾ
മെച്ചമായ് സംഭരിക്കാൻ തുടങ്ങി.
പത്തും പിന്നിട്ടവനെത്തി വിജയത്തിൽ
ഒത്തുവന്നെത്തി വൻയോഗ്യതയിൽ.
എപ്ലസ്ഗോഡെ ന്ന ബഹുമതിയാർജിച്ച
എപ്രകാരം തന്നെ യദ്ധ്വാനിച്ചു.
പാവർട്ടി വാസവും പക്വമാം ചിന്തയും
പ്രാർത്ഥനാശേഷിയും പോഷിതമായ്.
സന്ന്യാസമീറ്റില്ല വാടിയിലേയ്ക്കവൻ
സന്നാഹമോടെത്താനുദ്യമമായ്.

ആറാം സർഗ്ഗം :

# നൊവിഷ്യേറ്റിൽ

ചാവറയച്ചൻ തന്റെ പാവന ഹസ്തങ്ങളാൽ
സ്ഥാപിതമാ മാശ്രമം സെന്തെരേസാസെന്നുപേർ

അന്നൊരു കുഗ്രാമമായിരുന്നായിടം ഭാഗ്യാൽ
ഇന്നൊരു പട്ടണമായുയർന്നു മഹാത്ഭുതം.

പുണ്യശ്ലോകരായ് വന്ന വന്ദ്യരാം സമർപ്പിതർ
ധന്യമാക്കിനാരെല്ലാം ദേശവാസികളെയും

പോറ്റിപരിപാലിക്കും സന്ന്യാസശിക്ഷണത്തിൻ
ഈറ്റില്ലമാക്കി ചിരം സ്ഥാപിച്ചു ദിവ്യൻ തന്നെ.

ഒന്നരനൂറ്റാണ്ടു മുന്നാത്മാവിൻ ശക്തിയാലെ
സുന്ദരാരാമമാക്കി തീർത്തവരാവിർ മോദം.

ഭവ്യാഗതരെല്ലാരും ഭാവുകകർമ്മത്തിന്നായ്
നവ്യപ്രചോദനത്താലെത്തി സമീക്ഷണത്തിൽ.

പീറ്റർ കനീസിയൂസാം പുത്തൻപേരിലുമേറ്റം
ഊറ്റം കൊണ്ടതിങ്കലും കാഷായ വസ്ത്രത്തിലും.

പേരിലും ഭാവത്തിലും ജീവിത ചര്യയിലും
ഭാരിച്ച കർത്തവ്യങ്ങൾ വ്യക്തമായ് ഗ്രഹിച്ചവൻ.

വ്രതബന്ധമയൊരു ജീവിതസാഫല്യവും
വൃദ്ധി വീക്ഷണാമാദി കാര്യങ്ങളൊത്തുചേർത്തു.

കാഷായ വസ്ത്രമതിനുള്ളിലായ് കനീസിയൂസ്
വേഷംമാറിയ ദിവ്യ മാലാഖക്കുഞ്ഞുപോലെ.

ബർത്തലോമ്യോ ഗുരുവും മറ്റു സതീർത്ഥരൊത്തു
കർത്താവിൽ മോദമോടെ ചേർത്തവനെയാദരാൽ.

ചേലൊത്ത പുങ്കാവനം പൂക്കളും പുണ്യങ്ങളും
ചാലവേ തീർത്താരവർ തദ്ദേശമാസകലം.

പുണ്യപരിമളത്താൽ ഭാഗ്യശ്രീ കൈവന്നപോൽ
പൂർണ്ണതവരിക്കുന്നു സൗഭാഗ്യം സ്വർഗ്ഗതുല്യം.

വെന്തെരിഞ്ഞവനീശസാദൃശ്യം സ്വന്തമാക്കാൻ
അന്തരാവേശം പിടഞ്ഞുദ്യമിക്കുന്നു വേഗം.

ബ്രഹ്മചര്യം ദാരിദ്ര്യം അനുസരണം മൂന്നും
ബൃഹത്താം പഠനങ്ങളഭ്യസിച്ചുറപ്പിച്ചു.

സന്ന്യാസ ജീവിതത്തിൽ സാരാംശങ്ങളത്രയും
വിന്യാസംചെയ്തു നല്ല താല്പര്യമനുഷ്ഠിക്കാൻ.

വന്നെത്തിയദ്ദിനത്തിലൊരുക്കം വിശേഷമായ്
വന്ദിച്ചു മാതൃരൂപം വ്രതങ്ങളനുഷ്ഠിച്ചു.

ആഗ്രഹിച്ചപേക്ഷയിൽ പാതിയും സിദ്ധമായി
ആശ്രിതവത്സലരെ കൈവിടുകില്ല ദൈവം.

അർപ്പണം സാധിച്ചതിലധികം കൃതാർത്ഥനായ്
അർപ്പിച്ചു കൃതജ്ഞത മേൽക്കുമേൽ മടിയെന്യേ

നൊവിഷ്യേറ്റും കഴിഞ്ഞു ശാസ്ത്രപഠനത്തിനായ്
നിവേദ്യം കണക്കവൻ സ്വയമർപ്പിച്ചു ശാന്തം.

ഏഴാം സർഗ്ഗം :

# മേജർ സെമിനാരിയിൽ

ദൈവഭക്തിയാണറിവിന്നുറവിടം
        കൈവരുന്നു സ്വയം ജ്ഞാനതൃഷ്ണ.

സത്ത തിരയുന്ന സത്തയുമായൊരു
സത്യം ഗ്രഹിക്കുന്നതല്ലേ ജ്ഞാനം?

        സ്തംഭിച്ചു നിൽക്കാതെ യുൾക്കൊള്ളുംശക്തിതാൻ
        സംഭവിക്കുന്നു തിരിച്ചറിവായ്.

ഭോഷന്മാർ പുച്ഛിക്കും ജ്ഞാനപ്രബോധന-
ദോഷമില്ലാത്ത പ്രസ്ഥാനങ്ങളും.

        താനേയറിയുന്നതാണു ജ്ഞാനമെന്നു
        ധ്യാനി സോക്രട്ടീസുദ്ദർശിക്കുന്നു.

വേദാന്തം തന്നിൽ  അഹം ബ്രഹ്മാസ്മി  യെന്നു
വേദിയർ കണ്ടെത്തി മോദിക്കുന്നു.

        മുക്തിബോധമെന്നും ജീവശുദ്ധിയെന്നും
        മുഖ്യാശയങ്ങളുമുണ്ടവിടെ.

ജ്ഞാനം തേജസ്സുറ്റതാണെന്നറിയുന്നു
ജ്ഞാനി പ്രകാശം പരത്തുന്നോനും.

        ദൈവൈക്യസിദ്ധിയാണെന്ന പഠനവും
        ഭവ്യത ചേർക്കുന്നതല്ലോ പാരം.

പാഠ്യസാകല്യം തികഞ്ഞുവരും നേരം
നാട്യചാപല്യം തിരോഭവിക്കും.

        ബന്ധനമില്ലാതെ ജ്ഞാനം മുന്നേറുമ്പോൾ
        അന്ധകാരം നീങ്ങി ജ്യോതിസ്സെത്തും.

സാക്ഷാത്ക്കാരത്തിനു യോഗ്യരായിടുമ്പോൾ
സാക്ഷ്യം വേണ്ടാത്തൊരു ജ്ഞാനമെത്തും.

പരംപൊരുളായ ദിവ്യമാംചൈതന്യം
പാരംപവിത്രമാംജ്ഞാനം തന്നെ.

ഭ്രാതാ കനീസിയൂസ് കൂട്ടരോടൊപ്പമായ്
യാത്ര തുടർന്നു തൻലക്ഷ്യം പൂകാൻ.

മംഗലാപുരം സെമിനാരിയിൽ വന്നു
മംഗളമായ്ത്തന്നെ സ്വീകൃതനായ്.

ജെസ്യൂട്ടച്ചന്മാർ നടത്തുമീ സ്ഥാപനം
നിസ്വാർത്ഥ സേവന വേദിയല്ലോ.

റെക്ടർ, പ്രൊഫസർ നിയന്താക്കളെന്നിവർ
ഉൾക്കളജ്ഞാന പ്രഗത്ഭർ തന്നെ.

തത്ത്വശാസ്ത്രവിദ്യയാദ്യം തുടങ്ങുമാ
ചിത്തപ്രകാമ വികസ്വരവും.

ബൗദ്ധികചിത്ത വികാസപ്രക്രിയകൾ
ബോധ്യം വരുത്തുന്ന ചിന്താധാര.

ശാസ്ത്രങ്ങൾ വിസ്തൃതമാക്കും പ്രതിഭയും
ശ്രാന്തൻ വരിപ്പൂ വിജ്ഞാന ശീലം

സത്കർമ്മ ശ്രേണികളെല്ലാ മാത്യന്തിക-
സത്ഗതിയാർജ്ജിക്കുമെന്നു തത്വം.

വിജ്ഞാനശേഖരം പന്തിൽ കാറ്റെന്നപോൽ
നിസ്തുല വേഗമുയർന്നു വന്നു.

തത്ത്വശാസ്ത്രത്തിൻ വിഭാഗങ്ങളോരോന്നും
മസ്തിഷ്കം തന്നിലടുക്കിവെച്ചു.

തത്ത്വശാസ്ത്രം, ദൈവശാസ്ത്രമെന്നിങ്ങനെ
തത്ത്വത്തിൽ രണ്ടു വിഭാഗങ്ങളായ്.

നാലഞ്ചു ശാഖകളോരോ ഗണത്തിലും
ചാലേ ഹൃദിസ്ഥമായ് സൂക്ഷിക്കേണം.

ദൈവനിവേശിത സത്യം ധീഷണയിൽ
സാവധാനമതു ഗ്രാഹ്യമാക്കാം.

ഐക്യു ക്രമപ്പെടുത്താൻ തത്ത്വശാസ്ത്രവും
ഐക്യമാക്കീടുവാൻ ദൈവശാസ്ത്രം.

ശാസ്ത്രരീതികളും വേദാന്തവീര്യവും
ഉത്സാഹത്തോടെ ഹൃദിസ്ഥമാക്കി.

എല്ലാം പരമാവധി യെന്ന തത്ത്വത്തിൽ
ഇല്ലാ മറിച്ചൊന്നും ചിന്തിച്ചീടാൻ.

എപ്ലസ്സ് ഗോഡായെന്നും ശോഭിച്ചീടുന്നല്ലോ
എപ്പോഴും ദൈവേഷ്ടം ഒന്നുമാത്രം

നേരായ ചിന്തയോ ദൈവഹിതം മാത്രം
വേരായ സത്യമാം ശാസ്ത്രജ്ഞാനം.

വ്യക്തിയാർ, ദൈവമാരെന്നറിഞ്ഞീടുവാൻ
വ്യക്തമായ് ശാസ്ത്രം സഹായിച്ചുപോൽ.

എട്ടാം സർഗ്ഗം :

# വൈദികൻ

വേദപാഠങ്ങൾ ഹൃദിസ്ഥമാക്കീടുവോർ
വൈദികരെന്നു ധരിച്ചിടേണം.

പാഠങ്ങളൊക്കെയും സ്വന്തമായ് ജീവിത-
പീഠത്തിലേറ്റിയാൽ ദൈവമർത്യൻ.

അർപ്പകനും ബലിവസ്തുവും താനെന്നു
ഒപ്പം ധരിച്ചേകി യേശുവാദ്യം.

നിത്യപുരോഹിതനേശുവിൻ മാതൃക
ഹൃത്തിൽ ധരിച്ചവന്നൊപ്പമാകാം.

പങ്കുചേരുന്നവരൊക്കെയുമീവിധം
ശങ്കയില്ലാതെ സമർപ്പിതരാം.

പാവനവ്യക്തിയും ത്യാഗസമ്പാദ്യവും
ദേവസമാനമായ്ത്തീരണംപോൽ.

പ്രാർത്ഥനാശക്തിയിലൂന്നലുണ്ടാകേണം
കീർത്തന വ്യാപാരം ദേവേഷ്ടവും.

ധ്യാനാർത്ഥനങ്ങളിൽ സത്യപ്രകാശവും
ധന്യമായ് വീശും മറ്റേവരിലും.

ഈദൃശ യോഗ്യത സ്വായത്തമാക്കിയ
ആദർശധീരൻ കനീഷ്യസച്ചൻ.

ആറേഴുവർഷം താൻ ശാസ്ത്രം പഠിച്ചതിൽ
നേരെഴും വിദ്യ കരസ്ഥമാക്കി.

വൈദിക പട്ടത്തിനർഹതയേകുന്ന
വേദി പച്ചക്കൊടികാട്ടി നൂനം.

സന്യാസ വൈദികനാകണമെന്നൊരു
പുണ്യാശയത്തിനു കേളികൊട്ടായ്.

ചേലിലൊരുക്കിയിട്ടാദിനം വന്നുപോയ്
നീലക്കുറിഞ്ഞിക്കു പൂക്കാലം പോൽ.

ദേവസമാനമായ്ത്തീരാൻ തിരുപ്പട്ടം
സേവനമുദ്രയായ്ക്കാണ്മതിപ്പോൾ.

അർപ്പണ പീഠത്തിൻ ശുദ്ധിക്കിണങ്ങാത്ത-
തൽപ്പമുണ്ടാകരുതർപ്പകനിൽ.

കൃപാവരത്തിന്റെ മായാത്തമുദ്രകൾ
പ്രഭാവത്തോടതു സ്വീകരിച്ചു.

ആനന്ദാധിക്യത്തിൽ നന്ദിയോതീടുക
മാനവ ശക്തിക്കതീതം തന്നെ.

എന്നാലും മുറ്റിയ ജീവാവേശത്തോടെ
ചൊന്നേവം നന്ദി, സ്തുതി സ്തോത്രങ്ങൾ.

നന്ദി സ്നേഹപ്രളയത്താലധികമായ്
വന്ദന സ്തോത്രങ്ങൾ മാമല പോൽ.

**ഒമ്പതാം സർഗ്ഗം :**

# ശുശ്രൂഷാരംഭം

കൊച്ചൗസേപ്പാശിച്ച കാര്യം നിവൃത്തമായ്
കൊച്ചച്ചനായവൻ നാട്ടിൽ വന്നു ചിരം.

തെക്കേക്കര വീട്ടിലാനന്ദ സാഗരം
ദിക്കുകൾ ചുറ്റും തരംഗ പ്രതിദ്ധ്വനി.

ധന്യതയാർന്ന തദ്ദേശനിവാസികൾ
കന്നി വൈദികനെ സ്വീകരിച്ചുമുദാ.

കൊട്ടും കുരവയുമാർപ്പുവിളിയുമായ്
പെട്ടെന്നുയർന്നു വന്നെത്തി ജനാരവം.

പുത്തനീയച്ചനെ ചെന്നെതിരേൽക്കുവാൻ
കത്തനാർമാരും സ്വ ബന്ധുജനങ്ങളും.

പുത്തൻകുർബാനയത്യാഘോഷമായ് മുദാ
ഒത്തൊരുക്കി ജനം അത്യന്തം കേമമായ്.

തോരണം ചാർത്തിയ പാതക്കിരുവശം
ചാരുതതീർത്തതിഭംഗി വരുത്തിനാർ.

എണ്ണ ദീപങ്ങളാൽ പീഠമലംകൃതം
കണ്ണഞ്ചിടും വിധം പള്ളിപ്പരിസരം.

ബാന്റു വാദ്യങ്ങൾ വെടിയും പടക്കവും
മാറ്റേറിടുന്ന സ്വരവിശേഷങ്ങളും.

മുത്തുക്കുടകൾനിരത്തിയ മുറ്റത്തു
പത്തര മാറ്റുള്ള തൂമണമാല്യവും

ചാരുസ്മിതം തൂകിമധ്യേ കൊച്ചച്ചനും
ചാരത്തു ശ്രേഷ്ഠ വികാരിപ്രധാനികൾ.

ഹാരാർപ്പണം ചെയ്തു സ്വീകരിച്ചാദരാൽ
പോരായ്കയില്ലാതെ അച്ചനും കൂട്ടരും.

എന്തൊരാവേശത്തിൻ വേലിയേറ്റം നാട്ടിൽ
സന്തോഷ സ്നേഹത്തിമിർപ്പുകളാഘോഷം.

*　　　*　　　*

സേവനം ചാതുര്യമോടേ തുടങ്ങുവാൻ
സാവകാശമേറി കൊച്ചൊരു ജോലിയിൽ.

കാര്യദർശീ ജനറാളായുമാഹാര-
കാര്യങ്ങൾ നോക്കിയും ജോലിചെയ്തീടണം.

നിരീക്ഷശ്രദ്ധയും സാന്നിധ്യശേഷിയും
നിർവ്യാജമായെന്നും ചെയ്തിടുന്നെപ്പോഴും.

ആചാര്യരംഗത്തുറപ്പിക്കാൻ പോരുന്ന
ആജ്ഞാപടുത്വം ലഭിച്ചപോൽ ജീവിതം.

ആകൃഷ്ടരായാധികാരികൾ ചിന്തിച്ചു
ആ കൃത്യം സാക്ഷാത്കരിക്കും വിധത്തിലും.

സിംഹളദേശത്തു കാന്റി നഗരത്തിൽ
സെമ്മിനാരിയിൽപ്പഠിക്കുവാൻ പോയിതാൻ.

'ഡീഡീ' ബിരുദം കരസ്ഥമായന്നാളിൽ
നേടിതൻ സമ്പാദ്യം നൂറുമേനി ചിതം.

ചെത്തിപ്പുഴയിൽ തിരിച്ചെത്തിയാചാര്യൻ
ചിത്തത്തിനൊത്തപോൽ ക്ലാസ്സെടുത്തുമുദാ.

ഹൃദ്യമായന്നച്ചന്നധ്യാപന ജോലി
കൃത്യമായ് ചെയ്തതിലത്യധികം സുഖം.

മർത്ത്യാവതാരത്തിലത്ര വിനീതമായ്
നിത്യവാസത്തിന്നായാശിക്കുവോൻ സദാ.

ആവേശമായിട്ടടുത്തെന്നുമെത്തുവാൻ
സർവ്വേശസൂനുവേ യാചിപ്പു സർവ്വദാ.

ജ്ഞാന വിജ്ഞാനങ്ങൾ ചേർന്നു വന്നാലതും
ജ്ഞാനമഹത്വം പരിപൂർണ്ണമായിടും.

പത്താം സർഗ്ഗം :

# ഉന്നത പഠനം

ചെത്തിപ്പുഴയിലെത്തിയത്യന്തം പ്രകാശിച്ചു
ഒത്തിരിനേട്ടങ്ങളും കൈവരിച്ചാമോദമായ്.

അദ്ധ്യേതാക്കളിലെല്ലാമാദ്ധ്യാത്മികോത്ഥാനമായ്
അദ്ധ്യാപനത്തിൻ രീതി പത്ഥ്യമായ് സകലർക്കും.

ചിത്തമുണർത്തും സ്വരം പത്തരമാറ്റിൻ ഗുണം
ഒത്തുവന്നിത്ഥം നവ കത്തനാർ പ്രശോഭിച്ചു.

പാഠം മനഃപ്പാഠമായുച്ചരിക്കുകിൽ പോരാ
പാഠ്യമാത്മാവിൽക്കൊണ്ടു ചിത്തസംസ്ക്കാരം നേടൂ.

തീർത്തൊരുത്തമാവേശം പാർത്തധികാരവൃന്ദം
ചേർത്തവർ തീരുമാനം ചാർത്തി ഗുരുവിലിത്ഥം.

ഉന്നതാഭ്യാസംനേടാനിന്നിതാറോമിൽ പോകാം
മുന്നമേയനുവാദം തന്നിതാധികാരികൾ.

പ്രാവീണ്യം നേടീടണം ബൈബിൾ വിജ്ഞാനീയത്തിൽ
പ്രാപിക്കാനുദ്യുക്തനായ് റോമൻ ഡമഷേനോ യിൽ

മൂലഭാഷകൾ ഹീബ്രു ഗ്രീക്കു ലത്തീനിത്യാദി
ചേലിൽ കരസ്ഥമാക്കാൻ മേലാർക്കുമെളുപ്പത്തിൽ.

ഇറ്റാലിയൻ ഭാഷയും ജർമ്മൻ ഫ്രഞ്ചിത്യാദിയും
ഉറ്റമിത്രങ്ങളായാൽ ബൈബിൾ സുഗ്രഹമാകും.

സാവൂളക്കാലം വീണു മാനസ്സാന്തരം വന്നു
പാവൂളായിച്ചമഞ്ഞ ശ്ലീഹാതൻ ദർശനങ്ങൾ.

സതീക്ഷ്ണമഭ്യസിച്ച ക്രിസ്തു സംഭവം നേരിൽ
സതതം പ്രഖ്യാപിച്ചങ്ങെഴുതി ലേഖനങ്ങൾ

ഇദ്ദിവ്യലേഖനങ്ങളാകവേയെടുത്തതിൽ
ഇത്തിരി പോലും വിടാതൊക്കെയും സവിസ്തരം

പ്രബന്ധ വിഷയമായെടുത്തു കനീസിയൂസ്
നിബദ്ധവൃത്തിയിൽ താൻ വർത്തിക്കാനഹോരാത്രം

കാഠിന്യമേറും പാഠം നാലുവർഷത്തിലേറെ
പാഠ്യപ്രയത്നം ശുഭം പാലനം പാരത്രികം.

സാവൂൾ പാവൂളായപോ ലേശുവിൻ വ്യക്തിത്വത്താൽ
സേവനചാതുര്യവുമേറ്റുന്നു സ്വമാനസേ.

ദൈവേഷ്ടം മാത്രം ജ്വരം സന്തോഷം സംതൃപ്തിയും
നൈവേദ്യമെന്നും സ്വയമേകുന്നു സംപൂർണ്ണമായ്.

പ്രമാണവാക്യമെന്നും പ്രക്ഷേപിക്കുന്നു സത്യം
പ്രമോദമായിത്തന്നെ പ്രകീർത്തിക്കുന്നു നിത്യം.

കൃശാംഗദേഹരൂപം സ്നേഹത്യാഗസഞ്ചയം
ഭൃശാംഗദേഹീഭാവം പ്രശാന്തം പാരത്രികം

കാവലും കരുതലും ദൈവനിവേശനവും
ഏവനുമേകുന്നോനെ സ്തുതിച്ചാരാധിക്കുവിൻ

പൂർത്തിയായ് വിദ്യാഭ്യാസം കീർത്തിയായെത്തി ശുഭം
പാർത്തിരുന്നാവേശത്തിൽ തീർത്തതിലാനന്ദവും

വേദപ്രബന്ധം വിദ്വത് വേദിയിൽ സമർപ്പിച്ചു
വേദത്തിൽ ഡോക്ടറെന്ന ഖ്യാതിയും സംലഭ്യമായ്.

അഭിനന്ദിച്ചു സ്വന്തം പ്രൊഫസർമാരഖിലം
സഭയിൽ പ്രശസ്തിയുമാംശംസാ പ്രവാഹവും.

ഭാരതീയരിലാദ്യം കൈവന്നതീബിരുദം
കേരളസഭയ്ക്കഭിമാനവും മഹത്വവും.

സാഘോഷം വരവേറ്റു ചെത്തിപ്പുഴയിൽ പിന്നെ
സെമിനാരി പ്രൊഫസർ സ്ഥാനവും നൽകപ്പെട്ടു.

ജ്ഞാനവും വിവേകവും പരസ്നേഹവുമെല്ലാം
ഞാനെന്ന ഭാവം വിനാ മേളിക്കുന്നാചാര്യനിൽ.

വിദ്യാർത്ഥിക്കേശുരൂപം വിജ്ഞാനസ്നേഹങ്ങളിൽ
വിദഗ്ദ്ധമായിട്ടേകാൻ വിശേഷാൽ കയ്യേൽക്കയാൽ.

സാരള്യഭാവം ഭേദം കൂടാതെ വർത്തിക്കുന്നു
നേരിളം കാറ്റുപോലെ സാദരം സമൂഹത്തിൽ.

പതിനൊന്നാം സർഗ്ഗം :

# ധർമ്മാരാമിൽ

ചെത്തിപ്പുഴയിൽ വളർന്ന മേജർ സെമിനാരിമെല്ലെ
എത്തിച്ചു പുഷ്പപുരി യാം ബെംഗളൂരതിൽ.

സമൂഹവളർച്ചക്കൊപ്പം സഭ കുതിച്ചുയരുന്നു
സമാഖ്യാത സമുച്ചയ മുയർന്നു വന്നു.

സമീക്ഷണ വിദഗ്ദ്ധന്മാർ സാരഥികളൊത്തുചേർന്നു
സമാഹരിച്ചെടുത്തൊരു പഠനഗേഹം.

വിശാലമായുള്ളൊരിടം രാജപാതയ്ക്കരികിലായ്
വിശേഷാലംകൃതമായ സംവിധാനവും.

കർണ്ണാടക സംസ്ഥാനത്തിൻ തലസ്ഥാന നഗരത്തിൽ
കണ്ണിനുത്സവം തെന്നിന്ത്യൻ തലപ്പാവുപോൽ.

വിശ്വവിഖ്യാതങ്ങളായ സൗധങ്ങളും തോട്ടങ്ങളും
വിശേഷവിധിയിൽ ക്കാണാം പുഷ്പപുരിയിൽ.

ധർമ്മത്തിന്നാരാമമാകും നാമാർത്ഥവ്യാഖ്യാനം പേറും
ധർമ്മാരാം നന്മ സ്രോതസ്സായ് തീരുന്നു പാരിൽ.

ആയിരങ്ങളാകൃഷ്ടരായന്തർജ്യോതിപകരുന്ന-
തായി ത്തീർന്നു നിരന്തരം പഠനകേന്ദ്രം.

ആയിരത്തി തൊള്ളായിരത്തമ്പത്തേഴിലാരംഭിച്ച
ധർമ്മാരാം വിദ്യാ പീഠത്തിൽ ഗുരുവരനായ്.

പ്രൊഫസറദ്ധ്യാത്മ ഗുരു സേവനമാറേഴുവർഷം
പ്രഭ തൂകി ജ്വലിച്ചന്നാ വിദ്യാപീഠത്തിൽ.

റെക്ടർ സ്ഥാനത്തേയ്ക്കുയർത്തി ശ്രേഷ്ഠാധികാരസംഘത്താൽ
പ്രേഷ്ഠ സുഹൃത്തുക്കൾക്കെന്നു മിഷ്ടതാരമായ്.

സുതാര്യം, വിനയാദികൾ ഭേദംവിനാ ജീവിതത്തിൽ
സുതരാം പ്രസരിപ്പിക്കും യോഗ്യതയല്ലോ.

പാണ്ഡിത്യം പകർന്നിട്ടല്ല പാഠനാഭ്യാസത്താലല്ല
പാവനജീവിതചര്യ ജ്വലിപ്പിക്കുന്നു.

ശാസ്ത്രമെല്ലാം പഠിച്ചാലും വിദ്യയൊക്കെ ഗ്രഹിച്ചാലും
സംശുദ്ധ ജീവിതമില്ലേൽ സാഫല്യമുണ്ടോ?

സുസ്മേരവദനത്തോടും നിഷ്കളങ്കാവേശത്തോടും
മാസ്മര പ്രകാശമായി വ്യാപരിപ്പൂ താൻ.

സുവിശേഷം ജീവിക്കുന്ന സുശ്രുതവൈദികനിതാ
സവിശേഷമദ്ദേഹത്തെ യനുകരിക്കാം.

സംസാരത്തിൽ, സംസർഗത്തിൽ വ്യാപാരത്തിൽ സർവ്വോപരി
സഹവാസത്തിലും ദൈവമനുഷ്യൻ തന്നെ.

ഇടുപ്പിലും നടപ്പിലും വെടിപ്പിലു മിരിപ്പിലും
തുടിച്ചു നിൽക്കുന്ന ദിവ്യവിനയകാന്തി.

പ്രസംഗചാതുര്യത്തേക്കാൾ പ്രഭവീശും സുകൃതങ്ങൾ
പ്രസരിപ്പിക്കുന്നസ്വരം സ്വർഗ്ഗീയം തന്നെ.

ഭാവരൂപ ചലനങ്ങൾ വിനയം വിളമ്പും വിധം
ദേവ തുല്യ സുകൃതങ്ങൾ വാസനിക്കും പോൽ.

വാക്കും നോക്കും മുറിക്കില്ല നീക്കും പോക്കും സുതാര്യം താൻ
കേൾക്കും കാര്യം നടത്തീടും ദൈവഹിതം പോൽ.

സത്യം മാത്രം ജയിക്കണം മുഖം നോട്ടമില്ലശേഷം
നിത്യനായ ദിവ്യനാഥൻ സ്വീകരിക്കട്ടെ.

ധ്യാനോപദേശങ്ങൾക്കെല്ലാം ചിട്ടകൈവിടാതെ ദിവ്യ-
മാന്യതയേറ്റീടുന്നൊരു തിട്ടപ്പെടുത്തൽ.

സ്ഥാന മോഹമേശിടാത്ത ഞാനെന്ന ഭാവമില്ലാത്ത
താനായിരിക്കട്ടെ വീണ്ടും റെക്ടറുദ്യോഗം.

മയം കൂടാതൽപ്പം പോലും വ്യയം ചെയ്യാനുദ്യുക്തനായ്
സ്വയം തമസ്കരിക്കാനും സന്നദ്ധൻ തന്നെ.

ആദരം ബഹുമാനങ്ങൾ യാതൊന്നും ലോപമില്ലാതെ
സാദരം മർത്യർക്കേകുന്ന ധന്യശീലൻ താൻ.

അന്യരെ ശ്രേഷ്ഠരായ്ക്കാണും ധന്യരായവർക്കുചിതം
മന്നിതിലീദൃശ്യമായ ഗുണസൗഭാഗ്യം.

ദിനം തോറും പതിനാറു മണിക്കൂറു പണി ചെയ്യും
കനം കുറവില്ലാത്തൊരു മന:ശക്തിയിൽ.

ആധിപരാതികളില്ലവേദികളിലെല്ലാം തന്നെ
സാധിക്കുവോളമത്രയും നീതിപാലിക്കും.

സത്കാര്യങ്ങളെല്ലാം വേഗം ദൈവം തന്നെ ചെയ്യിക്കുന്നു
താൻകൊച്ചുപകരണമാ തൃക്കരങ്ങളിൽ.

കായ മന:ക്ലേശങ്ങളെ സാരമാക്കില്ലൊരുന്നാളും
കായകൽപം സേവിച്ചപോൽ ധീരനാണെന്നും.

രണ്ടുവട്ടം റെക്ടറായി ശോഭയാർന്ന വിധം സഭ
കണ്ടു തീരുമാനിച്ചതു കാലോചിതമായ്.

പാണ്ഡിത്യത്തേക്കാളദ്ധ്യാത്മ ജീവിതത്തിന്നാക്കം വേഗം
വേണ്ടതാണെന്ന സുബോധം സഭയ്ക്കുദിച്ചു.

പന്ത്രണ്ടാം സർഗ്ഗം :

# സഭാധിപൻ

ധർമ്മാരാം സാരഥി ഭാസുരമായ് മിന്നി
കർമ്മോദയം ചെയ്തുദിച്ചുയർന്നു.

ശക്തി കേന്ദ്രം മാത്രം ശോഭിപ്പിച്ചാൽ പോരാ
ശക്തമാക്കേണം സമൂഹത്തെയും.

സംഘാധികാരികളൊന്നിച്ചെടുത്തൊരു
സംഘാത നിശ്ചയം സഭാധിപൻ

കനീസിയൂസച്ചൻ സഭാ ശ്രേഷ്ഠ സ്ഥാനം
വിനീതമായതങ്ങേറ്റെടുത്തു.

സങ്കീർത്തനപ്പാട്ടിൽ കർത്താവുവാഴുമ്പോൾ
സങ്കടമൊന്നുമുണ്ടാവില്ലെന്നും

എല്ലാം സമർപ്പിതം ദൈവേഷ്ടം പോലവേ
നല്ലതായ് ത്തീരണമെന്നുമാത്രം.

തന്നേക്കാൾ ശ്രേഷ്ഠരായന്യരെക്കാണുവാൻ
എന്നെന്നുമാ ശ്രേഷ്ഠ നുദ്യമിപ്പൂ.

ഡിപ്ലോമാറ്റല്ല താനുദ്യോഗകാര്യത്തിൽ
ടിപ്പണി വേണ്ടാ സുതാര്യതയിൽ.

നായകൻ ശുശ്രൂഷകൻ തന്നെയാകണം
ദാസനുമാകേണ മദ്വിതീയൻ.

കുത്തഴിഞ്ഞാടുന്ന പാശ്ചാത്യ സംസ്കാരം
ഒത്തിരി നാശം വിതച്ചു ഭൂവിൽ.

വാട്ടംപിടിക്കാനും കോട്ടം വരുത്താതെ
നേട്ടമാക്കീടാനും നൊന്തുപാരം.

നീതിബോധം സത്യമിത്യാദി വേഗത്തിൽ
ഭേദമില്ലാതെയനുഷ്ഠിക്കുന്നോൻ.

മാറ്റം വരുത്താനെന്നാളുമാകില്ലെന്നു-
മേറ്റമെരിവോടെ ജീവിക്കാനും.

തജ്ജന്യവേദനയൊക്കെ സഹിക്കാനും
തൻജന്മ സാഫല്യം നേടീടാനും.

യേശുമഹേശാനുധാവനമെപ്പോഴും
ആശയം മറ്റൊന്നില്ലെന്നും ദൃഢം.

വേദന ത്യാഗസമ്പാദ്യമിവയത്രേ
വേദശാസ്ത്രം ഗുരു നിർദ്ദേശിപ്പൂ.

സേവനം ലോകത്തിൽ ക്രൂശിൻ വഴിയായി
സാവധാനം ഗ്രഹിച്ചാദരിപ്പൂ.

ഒട്ടുംപരാതിയില്ലാത്തതാം സേവനം-
ചിട്ടമായുള്ളൊരു ദിവ്യകൃത്യം.

ദൈവരാജ്യം ഭൂവിലെത്തിക്കും നിശ്ശങ്കം
ദൈവദാസന്മാർ മനുഷ്യരായാൽ.

അർപ്പണ ജീവിത സന്ദേശം സ്വർലോക-
തർപ്പണമല്ലെങ്കിൽ മറ്റെന്താവോ?

സന്നാഹം കൂട്ടുന്നു സാലോക്യമേന്തുന്നു.
സന്ന്യാസം സർവ്വത്ര സ്വർഗ്ഗഭാഗ്യം.

ഹർഷാരവം തീർക്കും സ്വാതന്ത്ര്യസാകല്യം
അർപ്പണ ജീവിതമർത്ഥപൂർണ്ണം.

ആറുവർഷം സഭാശ്രേഷ്ഠ സ്ഥാനം വഹി-
ച്ചാറു പോൽ നന്മയൊഴുക്കിയെങ്ങും.

ഗാത്രം കൃശമെന്ന ഭാവമേശുന്നില്ല
നേത്രം ഗമിക്കണം നേർവഴിയേ.

സ്തോത്ര സ്തുതികളർപ്പിക്കുമീ ജീവിതം
പാത്രമാക്കും കൃപാ തീർത്ഥാടനം.

പ്രവിശ്യാധിപനായ് മൂന്നുവർഷം ചിതം
അവശ്യാനുസരണം നയിച്ചു.

ജീവിതമെന്നെന്നും ശോഭനമാക്കാൻ സ്വ-
ജീവിത മാതൃകയത്യുത്തമം.

ധ്യാനമനനങ്ങൾക്കാവേശ മേറ്റുന്ന
സന്ന്യാസം മാന്യമാം സംവിധാനം.

തപോധനം, മന:ശാന്തി, സാഹോദര്യം
തപോധനൻ തന്നെ നിഷ്കർഷിപ്പൂ.

യേശുവിന്നൈക്യത്തിലേറി വളരുവാൻ
ആശ്രിതരെ ഗുണദോഷിക്കുന്നു.

സംവാദസംസർഗ്ഗം സ്നേഹാദരവോടെ
സംവിധാനം ചെയ്തതെത്ര ഭംഗി.

ഭാരിച്ചൊരുദ്യോഗ സാഹചര്യങ്ങളും
ഭാഗിച്ചെടുത്തതുമാശ്വാസദം.

യേശു ഭരിക്കുന്നു നമ്മൾ സഹായകർ
ലേശം ഭയം വേണ്ട യാതൊന്നിനും.

ഫിയാത്തു ചൊല്ലിദം സാത്വിക ശക്തിയിൽ
പിയാനോ ഗീതം പോൽ നാക സൗഖ്യം.

സത്ഭരണം ദൈവശക്തിയാലാർജ്ജിതം
സത്ഫലം ദൈവിക ദാനം മാത്രം.

എല്ലാ സ്തുതി സ്തോത്രമാരാധനയീശ-
നല്ലാതെയാർക്കും പകുത്തുകൂടാ.

പ്രവാചക ദൗത്യം സന്ന്യാസിക്കുത്തമം
പ്രവർത്തന വീര്യം വൈദികർക്കും.

ജന്തുയാഗാർപ്പണം ദൈവത്തിനപ്രിയം
വെന്തുരുകും ഹൃത്താണേറ്റം പ്രിയം.

ത്രാണന മേകാനായാഗതനായേശു
പ്രാണനർപ്പിച്ചതു സാധ്യമാക്കി.

ആ ദിവ്യ ദൗത്യത്തിലൊത്തുചേരാൻ തന്നെ
ആദിയിൽ നമ്മെ താൻ സ്വന്തമാക്കി.

ചാരത്തിരിപ്പാനും ദൗത്യമേറ്റീടാനും
ചാരിതാർത്ഥ്യം ശുഭം കർത്തവ്യം താൻ.

തകർച്ചയിൽ വന്ന ചൈതന്യരാഹിത്യം
തളർച്ച തോന്നീടും ദുർഗതിയും.

വളർച്ചക്കാലത്തിൽ ചൈതന്യമേറിടും
തളർച്ച വന്നാലു മുത്ഗതി താൻ.

സ്ഥാപക ചൈതന്യം പുനർഭവാവേശം
വ്യാപിക്കാൻ തൻമനം വേദനിപ്പൂ.

  വ്രതത്രയത്താലും ജീവിതലാളിത്യ-
  വിസ്തൃതിയാലതു സാധ്യമാക്കാം.

കെട്ടിടോദ്യോഗ സുഖാദി ശിലകളിൽ
തട്ടിത്തടഞ്ഞല്പ മംഗഭംഗം.

  ആതുരന്മാർക്കെല്ലാം ശാസനോപദേശം
  ആദരവോടെ താൻ ചെയ്തുനോക്കി.

അല്പം ഫലമതിലുദ്ഭൂത മെങ്കിലും
സ്വൽപം നിരാശയും വേദനയും.

  മുപ്പതോളം വർഷം സുപ്പീരിയർ സ്ഥാനം
  അപ്പോളെല്ലാ മിതുമാവർത്തിച്ചു.

പ്രാർത്ഥനാപൂർവ്വകം സേവിച്ചും വർത്തിച്ചും
സ്വാർത്ഥരാഹിത്യം തുളുമ്പും വിധം.

  സൽകൃതം കാംക്ഷിക്കുന്നേവർക്കും താനൊരു
  മിത്രവും താതനുമായിരുന്നു.

ആർക്കെന്തു നന്മയു മൗദാര്യത്തോടെന്നും
പാർക്കാതെ സാധിക്കും പോൽ നടത്തും.

  അന്നന്നനുവർത്തിക്കേണ്ടുന്ന കാര്യങ്ങൾ
  അന്നു തീർത്തിട്ടേ താൻ വിശ്രമിക്കൂ.

പതിമൂന്നാം സർഗ്ഗം :

# വിശ്രമജീവിതം

മുപ്പതുവർഷം മേലേ ശ്രേഷ്ഠനായ് വർത്തിച്ചതിൽ
ഇപ്പടി ക്ഷീണിതനായ് പ്രേഷ്ടരും വീക്ഷിച്ചുപോൽ.

കല്പവൃക്ഷം പോലവേ യുല്പാദനം ചൊരിഞ്ഞോൻ
അല്പമാശ്വാസമേല്ക്കാൻ കല്പന ദൈവമേകി.

ഒത്തിരി വൈകിടാതെ സത്വരം പരിഹാരം
എത്തി പരിയാരത്തിലുത്തര ക്ഷണം തന്നെ.

അന്നൊരു ദിനമേശു ചൊന്നതു പോലെയിതാ
ഇന്നൊരവസരമായ് വന്നതു ഭാഗ്യം തന്നെ.

കർത്താവാമേശുനാഥൻ ചിത്തമുണർത്തും വിധം
അർത്ഥ നിർദ്ദേശം കൊടുത്തുത്തമ ശിഷ്യർക്കായി.

വന്നെന്നോടൊത്തു ചേർന്നിരുന്നിപ്പോളാശ്വസിക്കാം
തന്നജോലികൾ ചെയ്തു വന്ന നിങ്ങൾക്കിന്നുമേൽ .

അശ്രാന്ത പരിശ്രമീ വിശ്രമമെന്നിൽ ത്തന്നെ
അശ്രമമാസ്വദിക്കൂ വിശ്രയം ഞാനേകുന്നു.

സന്നിധി  ചേർന്നു നിത്യം നിന്നിതാ ദാസനിത്ഥം
മന്നിതിൽ നാക സുഖമെന്നും നുകർന്നീടുന്നു.

തയ്യാറായെത്തി വേഗം സായം സന്ധ്യക്കുമുന്നേ
സംയമി കനീസിയൂസ്   സിയെസ്സാറാ   ശ്രമത്തിൽ.

ഉദ്യോഗ ബാധ്യതയും ബദ്ധപ്പാടെല്ലാം നീക്കി
ഹൃദ്യമായ് തപോവൃത്തി ബന്ധുരാരാമം തന്നിൽ.

സസ്യശ്യാമളമാകും വിശേഷാൽ ചാരുദേശം
ദൃശ്യാനന്ദ പ്രദേശം വിസ്തൃത നദീതടം.

പ്രസിദ്ധചാലക്കുടി പ്പുഴയോര പ്രദേശം
വിശുദ്ധ തപോവഹ്നി പരിയാരത്തിൽ സ്ഥിതം.

നിങ്കൽ ഞാൻ നിക്ഷേപിച്ച ബന്ധുര വചനങ്ങൾ
പങ്കുവെച്ചനുവേലം തങ്കമായ്ത്തീർത്തീടണം.

ഉള്ളിലെ യഭിലാഷം തള്ളി വന്നീടും നേരം
ഉള്ളവൻ  കല്പിച്ചാൽ കൈ ക്കൊള്ളുമെന്നതും ദൃഢം

അമ്പിളിപ്രകാശം പോൽ ഇമ്പമാർന്നൊഴുകുന്നു
കമ്പിത ജനത്തിന്റെ തുമ്പങ്ങൾ അകറ്റുന്നു.

എന്തൊരാവേശം പാർത്താലന്തരമില്ലാതെല്ലാം
സന്തോഷ മേകാനാർക്കും സന്തതം ശ്രമിക്കുന്നു.

സുകൃത തരംഗമായ് പ്രകൃതി പൂർണ്ണമായും
സുഹൃത്തായ് ച്ചൊരിയുന്നു സുഗന്ധം സമൃദ്ധമായ്

പുണ്യപരിമളത്താൽ സന്ന്യാസി വര്യൻ ചിരം
പുണ്യപരിവേഷത്തിൽ ധന്യമാക്കുന്നു സർവ്വം.

വൈദിക സംഘങ്ങളും സന്ന്യസ്തരായുള്ളോരും
വൈദിക സത്തമൻതനാന്തികെ ധ്യാനംതേടി.

തെറ്റെന്നു കേട്ടാലതുപറ്റെ പൊറുത്തിടാനും
തെറ്റെന്നു തിരുത്താനും പറ്റുന്നു  സന്നിധി യിൽ

ഒറ്റക്കായോരോരുത്തർ തെറ്റുതിരുത്തീടാനും
മറ്റു സന്ദേഹങ്ങളകറ്റിവിരാജിക്കാനും.

തൻപക്കലെത്തുന്നോരെ താപസശുദ്ധിക്കായും
തമ്പുരാൻ കൃപയ്ക്കായും താല്പര്യപ്പെടുത്തുന്നു.

ചിത്തം സർവത്രശുദ്ധം വിത്തം പ്രവൃത്തിപഥം
പുത്തനദ്ധ്യാത്മകൃത്യമെത്തുന്നു ദൈവചിത്തം.

സന്ദേശം ജീവിതംതാന  സ്വാദിചിതാദേശം
സന്ദേഹമേശാതെന്നു മുദ്ദേശ്യമുദ്ധാരണം

സ്വർഗ്ഗീയ സന്തോഷത്തിന്നർഹത സ്വന്തമക്കാൻ
സർഗ്ഗസമന്വയത്താലാകർഷ വിസ്മയം താൻ.

വിജ്ഞാന വിശേഷത്താൽ സാക്ഷാത്ക്കാരത്തിനർത്ഥം
വിജ്ഞേയമാക്കിത്തീർത്തു സാക്ഷാൽ കനീഷ്യസച്ചൻ.

തൊട്ടറിഞ്ഞവർക്കെല്ലാം പെട്ടെന്നുബോധോദയം
തിട്ടമായറിഞ്ഞെത്തി പ്പെട്ടതാണെന്ന ബോധ്യം.

അഞ്ചു മണിക്കൂർ നേരം കെഞ്ചുന്നു തൽസന്നിധൗ
അഞ്ജലിബദ്ധനായി പിഞ്ചു കിടാവെന്നപോൽ.

സംഭരിച്ചാശിസ്സുകളിമ്പമായേകിടുന്നു
സംപ്രീതരായി ജനം സമ്പന്നമായി മനം.

കൈവല്യദാതാവെന്നും കൈവിടുകില്ലായെന്നും
ദൈവമാനുഷ്യ നിത്ഥം കൈവരിക്കുന്നു സത്യം.

വിശ്രമജീവിതത്തിൽ സശ്രദ്ധം വീക്ഷിച്ചെല്ലാം
വിശ്രുതിയേറും പോലവിശ്രമം ജോലി ചെയ്വൂ.

വെന്തുരുകും മനസ്സിൽ സന്തതം സ്വർഗ്ഗതുല്യ-
ചിന്തകൾ വന്നാലേതു മന്തരംവിനാ തീർപ്പൂ.

സഹ്യമല്ലെങ്കിലു മവശ്യകാര്യങ്ങളെല്ലാം
സൗഹൃതമോടെഗുരു വശ്യമാക്കീടും സർവ്വം.

ഉജ്ജ്വലിക്കുന്നാത്മാവും തജ്ജന്യപ്രസാരവും
കുഞ്ചിത ശരീരത്തിൽ തഞ്ചക്കേടുണ്ടാക്കുന്നു.

എത്ര ക്ഷീണമായാലു മത്രകാണിച്ചിടാതെ
മിത്രമായ് വർത്തിക്കുന്നു ചിത്രയോഗം പോലവേ.

ഉത്തുംഗാദ്ധ്യാത്മ പഥമെത്തിയ ഗുരുവരൻ
ഒത്തുനോക്കില്ല മറ്റൊന്നുത്തമ കാര്യം മാത്രം.

അക്ഷരസത്യങ്ങളെ പക്ഷമില്ലാതെ ചിരം
രക്ഷിക്കുന്നാചാര്യൻതാൻ കക്ഷിഭേദം കൂടാതെ.

സ്വന്തമാത്മാവിൻലബ്ധ സിദ്ധികളെല്ലാം തന്നെ
ബന്ധമാക്കിനാൻ മഹാസിദ്ധനാം ഗുരുനാഥൻ

ഗാത്രം പരിക്ഷീണത്താൽ യാത്ര ദുഷ്കരമായി
ശാസ്ത്രം തീരുമാനിച്ചു വൈദ്യർ നിർദ്ദേശിച്ചു.

സാക്ഷാത്ക്കാര ക്കെന്നല്ല, സാക്ഷിയായോർക്കും ദേവ-
സാക്ഷിയായ്ത്തീർന്നുള്ളോനെ തൽക്ഷണം സ്ഥലം മാറ്റി.

പത്തരമാറ്റിൻ ഗുണമെത്തുംപോൽ സിയെസ്സാറി ൽ
പത്തിനോടാറുവർഷമൊത്തു ശുശ്രൂഷ ചെയ്തു.

അൻപോടെന്നും വസിക്കാൻ നമ്പഴക്കാട്ടു വന്നു
അമ്പരപ്പില്ലാത്തൊരു അംബരമാർഗ്ഗം ചിന്ത!

പതിനാലാം സർഗ്ഗം :

# രോഗശയ്യയിൽ

ശക്തമായൊരു രോഗം പിടിപ്പെട്ടാൽ
വ്യക്തമായൊരു വിശ്രമം നിർബന്ധം.

പണ്ടു കാണാത്ത രോഗവിശേഷവും
കണ്ടു ഡോക്ടർ മരുന്നും നിർദ്ദേശിച്ചു.

ആമവാതമെന്നായുർവേദം വിധി
ആമരണമീവേദനാ സഹ്യമാം

അമ്പഴക്കാട്ടു വന്നു കൊവേന്തയിൽ
അൻപെഴും നല്ല സേവനം ലഭ്യമായ്.

ശുശ്രൂഷാദി സഹായങ്ങളേറെയും
സശ്രദ്ധം ചെയ്യാൻ സാധ്യതയുണ്ടല്ലോ.

വേദനയേറി യസ്വസ്ഥനാകിലും
വേദപണ്ഡിതൻ തോൽക്കില്ലൊരിക്കലും.

കഷ്ടം! എന്തൊരു തീവ്രസഹനങ്ങൾ
ഇഷ്ടമായതുമർപ്പിച്ചു ക്രൂശതിൽ.

ധന്യധന്യനായ് വേദനയാകവേ
അന്യാധീനപ്പെടുത്താതെ സർവ്വവും.

വിണ്ണിലേറ്റം പൊളിയാത്ത ബാങ്കതിൽ
മണ്ണിൽ നിന്നുമനുസ്യൂത നിക്ഷേപം.

വേദന, വിയർപ്പേൽക്കാത്ത ശേഖരം
ഖേദമത്രേ! വിനാശം ഭവിക്കുമേ.

ചിത്തചാതുര്യ സംസ്കൃതിയുള്ളവർ
വിത്തമേറ്റുന്നു വിണ്ണിലും ഭൂവിലും.

ഒത്തുചേർന്നവർ കോടീപതികളാ-
യെത്തിയുദ്ഗതി ദേവസമാനമായ്.

ദൈവചിത്തമതുമാത്രം വേണ്ടപോൽ

കൈവരാൻ വേണം പൂർണ്ണസമർപ്പണം.

അദ്വൈതാദർശം സാഫല്യമാക്കുവാൻ
നിർദോഷാർപ്പണം സാകല്യമാക്കണം.

ഐക്യജീവിത മെന്നുരചെയ്‌വതും
ശക്യമാക്കുവാ നീവിധമാണത്രെ.

ഹൃത്തടം സർവ്വസന്നദ്ധമാണെങ്കിൽ
വിത്തവാനാകും നിസ്സംശയം ചിരം.

ക്ലേശാഗ്നിചൂടിൽ കത്തിയെരിയുമ്പോൾ
കേശാദിപാദം തങ്കമായ്ത്തീരുന്നു.

കത്തിയാളുന്ന ജ്യോതി പ്രസാരണം
എത്തി, യെല്ലാർക്കും സായൂജ്യ തൂമണം.

നിത്യത മാടിമാടി വിളിക്കുന്നു
സത്വരമതിൽ ചെന്നു ലയിക്കണം.

സൂര്യാസ്തമയം നേരത്തെ വന്നപോൽ
സൂരികൾ നാട്ടിൽ ചെന്നു ജ്വലിച്ചിടാൻ.

അമ്പഴക്കാട്ടു തുടങ്ങി സന്ന്യാസം
അംബരമേറ്റിയദ്ദിവ്യവിന്യാസം.

തങ്കശോഭ ചൊരിയുന്ന ഭാനുമാൻ
ചെങ്കതിർ വീശും സായാഹ്നമെന്നപോൽ.

താതനാ നാക തേജസ്സൊഴുക്കുന്നു
പാതയിലൂടെ പ്രയാണമഭ്യസ്തം.

ദിവ്യജ്യോതിസ്സായ് കനീസിയൂസച്ചൻ
ദേവലോകേ ജ്വലിക്കട്ടെ നിത്യവും.

പിതൃസ്വത്തായി ഞങ്ങൾക്കങ്ങേകിയ
മാതൃക പിന്തുടരാനർത്ഥിക്കണേ.

താതാ, ഭൂവിലെ യീമക്കളേവരും
താതനോടൊത്തു ചേരാനർത്ഥിക്കണേ!!

* * * * * * * * *